2025
ഫെബ്രുവരി
വാല്യം 18 | ലക്കം 2
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN




ദൈവത്തിന്റെ അദ്ഭുതപ്രവൃത്തികൾ
അവർ വിവരിക്കുന്നതു നമ്മുടെ
മാതൃഭാഷകളിൽ കേൾക്കുന്നല്ലോ.
അപ. പ്രവർത്തനങ്ങൾ 2 : 11



നാളെയുടെ ആവശ്യങ്ങൾക്കായി
ഇന്നേ തുടങ്ങാം...
KSFE കോട്ടയം
നാഗമ്പടം ശാഖയിൽ
ഉടൻ ആരംഭിക്കുന്ന ഗ്യാലക്സി ചിട്ടികൾ
മാസ തവണ
കാലാവധി
സല
25,000 x 40 = 10 ലക്ഷം
12,500 x 40 = 5 ലക്ഷം
7,500 x 40 = 3 ലക്ഷം
5,000 x 40 = 2 ലക്ഷം
2,500 x 40 = 1 ലക്ഷം
ചിട്ടി നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
8.75%* വരെ
മെഗാ സമ്മാനങ്ങൾ
₹5000
5000 ഗിഫ്റ്റ് കാർഡുകൾ
KSFE
കോട്ടയം II നാഗമ്പടം ബ്രാഞ്ച്
ഒന്നാം നില സെന്റ്. ആന്റണീസ് കോംപ്ലക്സ്
പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം, നാഗമ്പടം
0481 2564681
9447 797 116
7593 897 116
116@ksfe.com, ksfe116@gmail.com



92 YEARS
Trusted Name
IN PRINTING PRESS
ESTD. 1933
Good Shepherd
PRESS
Goodshepherd Complex
Goodshepherd Road, Kottayam-1
+91 828 198 9180, +91 944 777 9180
+91 828 197 9180, +91 481 256 9180
goodshepherdpress@gmail.com
gspressktm1933@gmail.com
what can it,
do for your
Business
Offset Printing
Book Publishing
Graphic Designing
We undertake all kinds of
Books | Magazines | Diaries
Booklets | Periodicals | Brochures
Posters | Leaflets | Invitations
Calendars | Labels | Envelopes
Visiting Cards | Letterheads Etc...
Registered Publishers with
International Standard
Book Number (ISBN)
by Govt. of India of Literary
and Academic Books.
The Trusted Name in Printing Press &
Book Publishing Since 1933

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025 FEBRUARY    Registered Newspaper, Reg. No. KERMAL/2008/24745    VOL.18 ▪ No.02



EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| 04 | എഡിറ്റോറിയൽ |
| 07 | രൂപതാ കാര്യാലയത്തിൽ നിന്ന് |
| 08 | കെ.സി.ബി.സി. സർക്കുലർ |
| 10 | കെ.ആർ.എൽ.സി..ബി.സി. , ബി.സി.സി. – വചസ്സ് ജനുവരി 2025 |
| 12 | മാതൃഭാഷയുടെ പ്രസക്തി |
| 14 | ലോക മാതൃഭാഷാദിനം |
| 16 | കല്ലിൽ കൊത്തിയ പ്രാർത്ഥന |
| 18 | ചിന്തകൾ ഒരു മാതൃഭാഷ ദിനത്തെ തൊടുമ്പോൾ... |
| 20 | സ്നേഹകൂട്ടായ്മയിലേക്കുള്ള കൈ കോർക്കൽ |
| 25 | ഇടവക വാർത്തകൾ |
| 30 | വി.എസ്.എസ്.എസ്. വാർത്തകൾ |



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# ഫെബ്രുവരി
# സമർപ്പണത്തിന്റെയും സൗഖ്യത്തിന്റെയും സ്നേഹത്തിന്റെയും മാസം

ക്രിസ്തുമസിന്റെ പിറ്റേ ഞായറാഴ്ച നാം തിരുക്കുടുംബത്തിന്റെ തിരുനാൾ ദിനമായി കൊണ്ടാടി. എന്നാൽ ഫെബ്രുവരി മുഴുവൻ തിരുക്കുടുംബത്തിന്റെ മാസമാണ്. ഫെബ്രുവരി 2-ാം തീയതി ക്രിസ്തുമസിന്റെ 40-ാം നാൾ, നമ്മുടെ കർത്താവിന്റെ സമർപ്പണതിരുനാളാണ്. യഹൂദ നിയമമനുസരിച്ച് ദൈവത്തിന്റെയും രാജ്യത്തിന്റെയും നിയമങ്ങൾ പാലിക്കാൻ ശ്രദ്ധ വച്ചിരുന്ന യൗസേപ്പിതാവും മാതാവും യേശുവിന്റെ ജനനത്തിന്റെ 40-ാം നാൾ ദൈവാലയത്തിലെത്തി ശുദ്ധീകരണകർമ്മങ്ങൾ അനുഷ്ഠിച്ച് തങ്ങളുടെ മകനെ ദൈവത്തിന് കാഴ്ചകൊടുത്തു. യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ നിന്നുകൊണ്ട് തന്റെ പുത്രനെ ദൈവത്തിന് വിട്ടുകൊടുത്തതിന്റെ മുന്നനുഭവമായിരുന്നു മറിയത്തിന് ആ സമർപ്പണം. ആ സമയത്ത് ശീമയോൻ യേശുവിനെ കരങ്ങളിലെടുത്തു നടത്തിയ പ്രവചനം അതോർമപ്പെടുത്തുന്നതാണ്, "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും." (ലൂക്കാ 2.35). യേശുവിനെപ്പോലെ ജ്ഞാനസ്നാനത്തിലൂടെ നാമും ദൈവത്തിന് സമർപ്പിതരാണ്. യേശുവിനോടൊത്ത് ദൈവത്തിന്റെ സ്വന്തം മക്കളുമാണ്.



**സൗഖ്യത്തിന്റെ മാസം.** ലോകത്തിൽ സൗഖ്യത്തിന്റെ ഏറ്റവും കൂടുതൽ അത്ഭുതം നടക്കുന്നത് ലൂർദിലാണ്. ഫെബ്രുവരി 11-ാം തീയതി നാം ലൂർദുമാതാവിന്റെ തിരുനാൾ കൊണ്ടാടും. പരിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ ആ ദിനത്തെ ലോക സൗഖ്യദായക ദിനമായി വിളംബരം ചെയ്തു. സൗഖ്യം ആവശ്യമായവരെയും

സൗഖ്യദായക ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഏവരെയും ഓർത്തു പ്രാർത്ഥിക്കാനും ദൈവസന്നിധിയിലർപ്പിച്ച് സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കാനും നിശ്ചയിക്കപ്പെട്ട ദിവസമാണത്.

**സ്നേഹത്തിന്റെ മാസം** - ദമ്പതികളുടെ ദിവ്യപ്രേമത്തിന്റെ ആഘോഷമാണ് ഫെബ്രുവരി 14-ാം തീയതി. സ്നേഹത്തിനുവേണ്ടി, വിശ്വാസത്തിനുവേണ്ടി, ത്യാഗം ചെയ്യേണ്ടിവന്ന വിശുദ്ധ വാലെൻന്റെയിന്റെ തിരുനാളാണ്. അതിനാൽ അതിനെ 'വലൈന്റയിൻസ് ഡേ' എന്നു വിളിക്കുന്നു. വിവാഹം കഴിക്കാനിരിക്കുന്നവർക്കുവേണ്ടി പ്രത്യേകം നിലകൊള്ളാനും പ്രാർത്ഥിക്കാനുമുള്ള ദിനമാണന്ന്. ഉള്ളിൽ നിറയെ സ്നേഹമുണ്ടെങ്കിലും പലരും സ്നേഹം പ്രകടമാക്കുന്നതിൽ പരാജയപ്പെടുന്നു. നോട്ടത്തിലൂടെയും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും സാന്നിദ്ധ്യത്തിലൂടെയും പെരുമാറ്റത്തിലൂടെയുമെല്ലാം സ്നേഹം പകരാൻ പലരും മറന്നു പോകുന്നു. പരസ്പരം ദൈവദാനങ്ങളായി കണ്ട് ദൈവത്തിന് നന്ദിപറയാനും ദൈവസ്നേഹത്താൽ നിറഞ്ഞ് ദൈവിക സ്നേഹം പകർന്നു കൊടുക്കാനും പരസ്പരം ആദരവോടെ സ്നേഹം പ്രകടമാക്കാനും പരസ്പരം സ്നേഹ സമ്മാനങ്ങളേകാനും, സ്നേഹ സമ്മാനങ്ങളായി മാറാനും വലൈന്റയിൻസ് ഡേ നമ്മെ ഓർമ്മപ്പെടുത്തുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

തിരുക്കുടുംബത്തിന്റെ മാസമായ ഫെബ്രുവരിയിൽ തിരുക്കുടുംബത്തെ മാതൃകയും കേന്ദ്രവുമാക്കി നമ്മുടെ കുടുംബങ്ങളെ രൂപപ്പെടുത്താനും നിലനിർത്താനും, നവീകരിക്കാനും വളർത്താനും നമുക്കു ശ്രദ്ധിക്കാം. ശാരീരികവും വൈകാരികവും മാനസികവും സാമൂഹികവും ആത്മീയവുമായ തലങ്ങളിൽ നാമനുഭവിക്കുന്ന വേദനകളേയും യാതനകളേയും രോഗങ്ങളേയും ദൈവസന്നിധിയിലർപ്പിച്ച് ദൈവമാതാവിന്റെ മാദ്ധ്യസ്ഥതയിലൂടെ രക്ഷയും സൗഖ്യവുമേകുന്ന യേശുവിന്റെ സന്നിധിയിൽ വചനം ശ്രവിച്ചും സ്പർശനം അനുഭവിച്ചും നമുക്ക് ആശ്വാസത്തിന്റെയും സൗഖ്യത്തിന്റെയും ആരോഗ്യത്തിന്റെയും അനുഭവത്തിലേക്ക് കടന്നുവരാം. പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെടുന്ന ദൈവ സ്നേഹത്താൽ നിറഞ്ഞ്, പരസ്പരം സ്നേഹത്തിൽ സമർപ്പിച്ച്, നോട്ടത്തിലൂടെയും വാക്കിലൂടെയും സാന്നിദ്ധ്യത്തിലൂടെയും സ്പർശനത്തിലൂടെയുമെല്ലാം സ്നേഹം പകർന്ന് ദൈവമക്കളായി, ദൈവിക കുടുംബങ്ങളായി നമുക്ക് മുന്നേറാം. സമർപ്പണത്തിരുനാളിൽ ലോകത്തിന്റെ പ്രകാശമായി ശിമയോനാൽ വിളംബരം ചെയ്യപ്പെട്ട യേശുവിന്റെ പ്രകാശം, ആശീർവദിച്ച് നൽകപ്പെട്ട തിരികൾ ഏറ്റുവാങ്ങി ലോകമെങ്ങും സ്നേഹത്തിന്റെയും സൗഖ്യത്തിന്റെയും പ്രകാശം പരത്തി അർപ്പണ ബോധത്തോടെ നമുക്കു മുന്നേറാം.

*പത്രാധിപർ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRASFERS

1. **Johnson Ottathengunkal** is appointed as the Vice-Judicial Vicar of the Diocesan Tribunal in addition to his present office.
2. **Rev. Fr. Raphael Moottoor** (Tonymon) is appointed as the assistant Parish Priest of Sacred Heart Church, Pambanar.
3. **Rev. Fr. Joseph Kurian** (Jomin) Nellimala is transferred from Sacred Heart Church, Pambanar to St. Mary's Church, Mundakayam.
4. **Rev. Fr. Fernandez Kottamedu** is transferred from Mundakayam and is appointed as the Parish-Priest-in Charge of Mount Carmel Church, Andoor.
5. **Rev. Fr. Michael Lawrence** (Lijo) is appointed as the Assistant Parish Priest of Mount Carmel Minor Basilica, Munnar.
6. **Rev. Fr. Anas Paul Karottunalunnel** is transfered from Mount Carmel Minor Basilica, Munnar, and is appointed as he Parish Priest in charge of Velankanny Matha Church, BL Rao.
7. **Rev. Fr. Vijosh Joseph Mulloor** is transferred from St. Joseph's Church, Surianelly to Marygiri Church, Kallar.
8. **Rev. Fr. Kuruvila Augustine Kurisuveettil** is appointed as the Director of Carmelus, Thopramkudy.

# 2025 ഫെബ്രുവരി 09 തിരുബാലസഖ്യ ദിനം
## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവയിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ ആനന്ദം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക്

ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. ജനറേഷൻ ബീറ്റ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾപോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണംനോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തന രീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്ന വരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗിക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ട തുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേ ഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പി ക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പി ക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും

സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യ ങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപ രിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ യേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്ത വാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാല സഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണ മെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാ സസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തന ത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽപോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതു പോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ, പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ് വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി, വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം പി.ഒ.സി., കൊച്ചി - 682 025

*NB: 2025 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പി ക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.*

# കെ.ആർ.എൽ.സി.ബി.സി.
# ബി.സി.സി. കമ്മീഷൻ- വചസ്സ് ജനുവരി 2025
## ബി.സി.സി. യൂണിറ്റുകളിൽ ഉപയോഗിക്കാനുള്ള മാതൃക

വിവക്ഷ - തിരുപ്പിറവിക്കായി യൗസേപ്പിതാവും പരിശുദ്ധ മറിയവും ബത്‌ലഹേമിലേക്കു നടത്തിയ യാത്രയെ അനുകരിച്ച് വചനത്തിലും കൗദാശിക വിശുദ്ധിയിലും കുടുംബങ്ങളുടെ രൂപീകരണം.

**വചന വായന** റോമാ 8: 18-30

**വിചാരം**. ജൂബിലിയുടെ വിശുദ്ധ വർഷത്തിൽ കുടുംബജീവിതം വെളിപ്പെടേണ്ട മഹത്വമായി തിരിച്ചറിയാം.

ജൂബിലി വർഷം 2025, പ്രത്യാശയുടെ തീർത്ഥാടകരായി കുടുംബങ്ങൾക്ക് അവരുടെ വിശ്വാസവും ബന്ധങ്ങളും ആഘോഷിക്കാനും പ്രതിഫലിപ്പിക്കാനും, പുനരുജ്ജീവിപ്പിക്കാനും അതുല്യമായ അവസരം നൽകുന്നു. ഫ്രാൻസിസ് മാർപാപ്പയിലൂടെ പ്രഖ്യാപിക്കപ്പെട്ട ഈ പ്രത്യേക വർഷം, കൂട്ടായ്മകളിലൂടെയും കുടുംബജീവിതത്തിലൂടെയും പ്രത്യാശയുടെ ദൈവകൃപയും സ്നേഹവും ശക്തിപ്പെടുത്തുന്നതിന് എല്ലാവരെയും ക്ഷണിക്കുന്നു.

2024 ഡിസംബർ 29ന് തിരുക്കുടുംബത്തിന്റെ തിരുനാളിനോട് അനുബന്ധിച്ച് ലോകമെമ്പാടും കത്തീഡ്രലുകളിൽ ജൂബിലി വാതിൽ തുറന്നതോടെ വിശുദ്ധ വർഷം ആരംഭിച്ചു. 2025 ലെ തിരുക്കുടുംബ ത്തിരുനാളിലാണ് രൂപതകളിൽ ഇതിന്റെ സമാപനം. ഈ പ്രതീകാത്മക തുടക്കം സഭയുടെ ദൗത്യത്തിൽ കുടുംബങ്ങളുടെ കേന്ദ്രീകരണത്തെ ഊന്നിപ്പറയുകയും സമൂഹത്തിന്റെ അടിത്തറയെന്ന നിലയിൽ അവരുടെ പങ്ക് ആഘോഷിക്കുകയും ചെയ്യുന്നു. ദൈവകൃപ അനുഭവിക്കാനും അത് വീട്ടിലേക്ക് തിരികെ കൊണ്ടുപോകാനും കുടുംബങ്ങൾക്ക് ഒത്തുചേരാനുമുള്ള മികച്ച അവസരമായതിനെ മാറ്റാം.

തീർത്ഥാടനങ്ങളിൽ പങ്കുചേരാനും കൂട്ടായ്മ പ്രാർത്ഥനകളിൽ പങ്കെടുക്കാനും അതിലൂടെ മാമോദീസ കടമകൾ പ്രതിഫലിപ്പിക്കാനും കുടുംബങ്ങളെ ക്ഷണിക്കുന്ന കാലയളവാണിത്. രോഗസൗഖ്യം, ക്ഷമ, ഐക്യം, പങ്കാളിത്തം എന്നിവ വളർത്തിയെടുക്കുന്നതിനാണ് ഈ പ്രവർ ത്തനങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പുരോഹിതരും പ്രവാചകന്മാരും രാജാക്കന്മാരും എന്ന നിലയിലുള്ള നമ്മുടെ പങ്കിനെക്കുറിച്ച് ഈ നാളുകൾ നമ്മെ ഓർമ്മിപ്പിക്കുന്നുവെന്നും പരസ്പര ബന്ധത്തിലൂടെയും സേവനത്തിലൂടെയും നമ്മുടെ വിശ്വാസം നിലനിർത്താനും ബലപ്പെടുത്താനും നമ്മെ പ്രേരിപ്പിക്കുന്നതായും തിരിച്ചറിയാം. ആയതിലേക്ക് കുടുംബത്തിലും കൂട്ടായ്മയിലും എല്ലാവരും ഒരുമിച്ചു

വന്നു പ്രാർത്ഥിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും സമയം കണ്ടെത്താനും അവസരങ്ങൾ ഒരുക്കാനും ശ്രദ്ധിക്കാം.

ചർച്ച - 1 . ജൂബിലി വർഷത്തിൽ കുടുംബശുശ്രൂഷാ സമിതിയിലൂടെ കുടുംബങ്ങളെയും കൂട്ടായ്മകളേയും സജീവമാക്കുന്നതിന് എന്തൊക്കെ ചെയ്യാം.

2. യുവജനങ്ങളെയും പുരുഷന്മാരെയും കേന്ദ്രീകരിച്ച് ജൂബിലിയുടെ പ്രവർത്തനങ്ങൾ എപ്രകാരം രൂപപ്പെടുത്താം.

കർമ്മം - 1. വിവിധ വിഭാഗങ്ങൾക്കായി പ്രത്യേക കൂട്ടായ്മകൾ വിളിച്ച് (പുരുഷന്മാർ, യുവജനങ്ങൾ, കുട്ടികൾ) ജൂബിലിയുടെ പ്രാധാന്യം വ്യക്തമാക്കി പ്രവർത്തനങ്ങൾ തയ്യാറാക്കുക.

2. ജൂബിലിയുടെ 12 മാസങ്ങളിലും സകുടുംബം കൂട്ടായ്മകളിൽ പങ്കെടുക്കുന്ന ശീലം വളർത്തുക. അങ്ങനെ വരുന്ന കുടുംബങ്ങളെ വർഷാവസാനം ആദരിക്കുക. അത് ബി.സി.സി. യുടെ സംസ്കാരമായി മാറ്റുക.

# വിശുദ്ധ ഭാഷ

**ചിപ്പി പൊടിമറ്റം**

അനുദിന ജീവിതത്തിൽ ഉപയോഗിക്കുന്ന മാതൃഭാഷ കൂടാതെ മതപരമായ കാര്യങ്ങളിൽ ഉപയോഗിക്കുന്നതും, പരമ്പരാഗതമായി പരിപോഷിപ്പിക്കുന്നതുമായ ഭാഷയാണ് വിശുദ്ധഭാഷ അല്ലെങ്കിൽ ആരാധനാഭാഷ.

ചില മതങ്ങൾ അവരുടെ വിശുദ്ധഗ്രന്ഥങ്ങളുടെ ഭാഷയെ വിശുദ്ധമായി കണക്കാക്കുന്നു. റോമൻ കത്തോലിക്കാ സഭയിൽ ലാറ്റിൻ, യഹൂദമതത്തിൽ ഹീബ്രു, ഇസ്ലാമിൽ അറബി, ഹിന്ദുമതത്തിൽ സംസ്കൃതം, സിഖ് മതത്തിൽ പഞ്ചാബി എന്നിങ്ങനെയാണത്. ആദ്യകാല ക്രിസ്ത്യൻ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഷകൾ ഗ്രീക്ക്, ലാറ്റിൻ, സിറിയക് എന്നിവയായിരുന്നു (അറമായിക് ഒരു സംസാരഭാഷയും)

യഹൂദന്മാരുടെ രാജാവായ യേശുവേ എന്ന തിരുവാക്യം ക്രിസ്തുവിന്റെ കുരിശിൽ 3 വ്യത്യസ്ത ഭാഷകളിൽ ആലേഖനം ചെയ്തിരുന്നു. അതുവഴി അവിടുത്തെ ദൈവത്വം പ്രഖ്യാപിക്കുന്നു. ആദ്യത്തെ ഭാഷകളായി അവയെ വിശുദ്ധീകരിക്കുന്നുവെന്നും യോഹന്നാന്റെ സുവിശേഷം രേഖപ്പെടുത്തുന്നു. ഗ്രീക്ക് ഭാഷ എന്നത് പുതിയ നിയമത്തിന്റെ യഥാർത്ഥ ഭാഷയാണ്. ഹീബ്രുഭാഷയാണ് പഴയനിയമത്തിന്റെ പ്രബലമായ ഭാഷ. യഹൂദന്മാർ സാധാരണയായി ഉപയോഗിച്ചിരുന്ന ഭാഷയായിരുന്നു അത്. ലാറ്റിൻ ഭാഷ റോമൻ സാമ്രാജ്യത്തിന്റെ ഭാഷയായിരുന്നു. പിന്നീടത് ക്രിസ്ത്യൻ സഭയുടെ പ്രധാന ഭാഷയായി മാറി.

# മാതൃഭാഷയുടെ പ്രസക്തി

ജോൺസൺ പി. ആന്റണി പുത്തൻപുരയ്ക്കൽ

അർത്ഥയുക്തങ്ങളായ ശബ്ദങ്ങളുപയോഗിച്ച് ആശയവിനിമയം നടത്തുന്നതിനുള്ള ഉപാധിയാണ് ഭാഷ. ഭാഷയെ രണ്ട് വിഭാഗമായി തിരിക്കാം.

1. വായ്മൊഴി അഥവാ സംസാരഭാഷ
2. വരമൊഴി അഥവാ ലിഖിതഭാഷ.

ഭാഷ തെറ്റ് കൂടാതെ ഉപയോഗിക്കുന്നതിനുള്ള നിയമങ്ങളാണ് വ്യാകരണം. വ്യാകരണ നിയമങ്ങൾ പാലിക്കാതെ സ്വതന്ത്രമായി ഭാഷണം നടത്തുമ്പോൾ അത് വായ്മൊഴി. വ്യാകരണ നിയമങ്ങൾ പാലിച്ചുകൊണ്ട് ഭാഷയുടെ കെട്ടും മട്ടും പരിഷ്കരിച്ച് പ്രൗഢമായി രേഖപ്പെടുത്തുമ്പോൾ അത് വരമൊഴിയായി മാറുന്നു. (വായ്മൊഴി അതേ രീതിയിൽത്തന്നെയും രേഖപ്പെടുത്താറുണ്ട് എന്നത് മറക്കുന്നില്ല.)

ലോകമെമ്പാടുമായി ഏഴായിരത്തിലധികം ഭാഷകളുണ്ട് എന്നാണ് കണക്ക്. ഇന്ത്യയിൽ 121 ഭാഷകളും 9,5000-ൽ അധികം ഭാഷാഭേദങ്ങളും ഉണ്ടെന്നാണ് കണക്ക്. 22 (ഇരുപത്തിരണ്ട്) ഭാഷകൾക്ക് സർക്കാരിന്റെ അംഗീകാരമുണ്ട്. നമ്മുടെ മാതൃഭാഷയായ മലയാളത്തിനും ധാരാളം ഭാഷാഭേദങ്ങളുണ്ട്. പെട്ടെന്ന് പറഞ്ഞാൽ തിരുവനന്തപുരത്തുകാർ പറയുന്നത് തൃശൂർകാരന് പെട്ടെന്ന് മനസ്സിലാവണമെന്നില്ല. അതായത് മലയാളി പറയുന്ന മലയാളം എല്ലാ മലയാളികളും ഒരുപോലെ മനസ്സിലാക്കണമെന്നില്ല. നമ്മുടെ ചാനലുകളിലെ ജനപ്രിയ കോമഡി പ്രോഗ്രാമുകൾ പലതും ഇതിന് നല്ല ഉദാഹരണങ്ങളാണ്. ലിപിയില്ലാത്ത ഭാഷകളും നമുക്കുണ്ട്.

**ഫെബ്രുവരി മാസം** 21-ാം തീയതിയാണ് അന്തർദേശീയ മാതൃഭാഷാദിനമായി ആചരിക്കുന്നത്. ഭാഷാപരവും സാംസ്കാരികവുമായ വൈവിധ്യങ്ങളെക്കുറിച്ച് അറിയുകയും പഠിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. മലയാളികൾ മാതൃഭാഷാദിനമായി ആചരിക്കുന്നത് കേരളപ്പിറവി ദിനമായ നവംബർ ഒന്നിനാണ്. സാഹിത്യമഞ്ജരിയിൽ മഹാകവി വള്ളത്തോൾ പറയുന്നത്, ഒരു വ്യക്തിയെ സംബന്ധിച്ച് മാതൃഭാഷയെന്നത് സ്വന്തം അമ്മയ്ക്ക് തുല്യമാണ്. മറ്റുഭാഷകളാവട്ടെ വളർത്തമ്മയാണ്. മഹാകവിയുടെ വാക്കുകളിൽ നിന്ന് തന്നെ മാതൃഭാഷയുടെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം. അറിവിന്റെ വാതായനങ്ങൾ തുറക്കുന്നത് മാതൃഭാഷയിലൂടെയാണ്. മറ്റേതൊരു ഭാഷ പഠിക്കണമെങ്കിലും മാതൃഭാഷയിൽ അടിസ്ഥാനപരമായ അറിവ് ആവശ്യമാണ്. മാറിയ ലോക ക്രമത്തിൽ വിദേശഭാഷകൾ പഠിച്ച് പ്രാവീണ്യം നേടേണ്ടത് വളരെ അത്യാവശ്യമായി മാറിയിരിക്കുന്നു എന്നത് മറക്കുന്നില്ല. ജർമ്മൻ ഭാഷാ പഠനകേന്ദ്രങ്ങൾ ധാരാളമായി തുറക്കുന്ന സമയമാണിത്.

നമ്മളെ സംബന്ധിച്ച് ത്രിഭാഷ പദ്ധതിയാണ് നിലവിലുള്ളത്. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, എന്നി ഭാഷകൾ പത്താം ക്ലാസ്സുവരെയെ ങ്കിലും കുട്ടികൾ നിർബന്ധമായു പഠിക്കണം. (ചില ഇളവുകൾ ഉണ്ട്)

മലയാളിയുടെ മാതൃഭാഷയായ മലയാളത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മലയാളം അറിയില്ല എന്നു പറയുന്നത് വലിയ അഭിമാനമായി കരുതുന്ന രക്ഷാകർത്താക്കളുടെയും കുട്ടികളുടെയും എണ്ണം അനുദിനം വർദ്ധി ച്ചുവരികയാണ്. ഏതൊരു വികസ്വര സമൂഹത്തിനും മാതൃഭാഷാപഠനം അത്യാവശ്യമാണ്. തന്റെ ആശയങ്ങൾ മറ്റുള്ളവരിലേക്ക് എത്തിയ്ക്കു ന്നതിന് വിവിധ ഭാഷകൾ അറിഞ്ഞിരിക്കേണ്ടത് വളരെ ആവശ്യമാണ്. ലോകഭാഷയായ ഇംഗ്ലീഷിൽ പ്രാവീണ്യം നേടേണ്ടത് പ്രധാനപ്പെട്ടതാണ്. സാമൂഹിക മാധ്യമങ്ങളിലെ ഇംഗ്ലീഷ് തെറ്റ് തിരുത്തപ്പെടാത്ത ഭാഷാ പ്രയോഗങ്ങളും സൃഷ്ടിക്കുന്ന കോലാഹലങ്ങൾ വളരെ വലുതാണ്.

അർത്ഥശങ്കയും തെറ്റിദ്ധാരണ ഉണ്ടാക്കുന്നതുമായ പ്രയോഗങ്ങളുടെ അതിപ്രസരം നിമിത്തം ശ്രോതാവിനു, വായനക്കാരനുണ്ടാക്കുന്ന അസ്വസ്ഥതയെക്കുറിച്ചും വക്താവ് ശ്രദ്ധിക്കേണ്ടതുണ്ട്. മാതൃഭാഷയെ ജീവന് തുല്യം സ്നേഹിക്കുന്നവരാണ് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലു മുള്ളത്. പക്ഷേ മലയാളികൾക്ക് ഇത്തരത്തിൽ കാര്യമായ അവബോധമി ല്ലായെന്നത് വളരെ ഖേദകരമാണ്.

ഇനി വരുന്ന ഫെബ്രുവരി 21 ഉം നവംബർ 1-ഉം ഒക്കെ ഭാഷ വൈവിധ്യ ങ്ങളെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമൊക്കെ ചിന്തിക്കുന്നതിനും പഠിക്കുന്നതിനും അത് വഴി മാതൃഭാഷയെ സ്നേഹിക്കുന്നതിനും നമുക്കേവർക്കും കഴിയട്ടെയെന്ന് ആശംസിക്കുന്നു. മാതൃഭാഷയെ അടിസ്ഥാനമാക്കി വിവിധ ഭാഷകൾ പഠിക്കേണ്ടതിന്റെ ആവശ്യം വർദ്ധിച്ചു വരികയാണ്. അതിഥി തൊഴിലാളികൾ തിങ്ങിനിറഞ്ഞ കേരളത്തിൽ എന്തിനും ഏതിനും അവരെ ആശ്രയിക്കേണ്ടിവരുമ്പോൾ മലയാളം പോലും കൃത്യമായി അറിയാത്ത നമ്മുടെ അവസ്ഥ എത്ര ഭീകരമാണ്. നമ്മളേക്കാൾ നന്നായി മലയാളം പറയുന്ന മറ്റു ഭാഷക്കാർ ഉണ്ടെന്നതും നാം മനസ്സിലാക്കണം. സർക്കാരിന്റെ നിയമങ്ങൾക്കും നിർദ്ദേശങ്ങൾ ക്കുമപ്പുറം ആത്മാർത്ഥതയോടെ സാഹചര്യത്തെ വിലയിരുത്തി നമുക്ക് മുന്നോട്ടു പോകാം.

---

## ബഹുമാനപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനം

**2025 ഫെബ്രുവരി 12, 13 തീയതികളിലായി**
**വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു**

# ലോക മാതൃഭാഷാദിനം

**റവ.സി. മേഴ്സി DIH**

ഏതു ജനവിഭാഗത്തിനും അവരുടേതായ ചില സവിശേഷ തകളുണ്ടാവും. വിദ്യാഭ്യാസം, ആരോഗ്യം, ആചാരാനുഷ്ഠാനങ്ങൾ, കല, ശാസ്ത്രം, കായിക വിദ്യകൾ തുടങ്ങിയ മേഖലകളിൽ വർഷങ്ങളിലൂടെ സ്വരൂപിച്ച അറിവുകളും അന്വേഷണങ്ങളും ഉണ്ടാകും. ഈ അറിവുകളുടെയും അന്വേഷണങ്ങളുടെയും ആകെത്തുകയാണ് സംസ്കാരം. ഇത് വിനിമയം ചെയ്യുന്നതിൽ മാതൃഭാഷകൾക്ക് പ്രധാന പങ്കാണുള്ളത്. മാതൃഭാഷ ഏതൊരു വ്യക്തിയുടെയും വ്യക്തിത്വത്തിന്റെ ഭാഗം കൂടിയാണ്. ജന്മം സ്വീകരിച്ച് വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ അവൻ സർവ്വതിനെയും വിവേചിച്ചറിയാനും തരംതിരിച്ച് മനസ്സിൽ സൂക്ഷിക്കാനും അടിസ്ഥാനമാക്കുന്നത് തന്റെ മാതൃഭാഷയെയാണ്. അതിലുപരി ഇദം പ്രഥമമായി തന്റെ മാതാപിതാക്കളെ അഭിസംബോധന ചെയ്യാനുപയോഗിച്ച ഭാഷ, ആദ്യമായി ദൈവത്തെ മനസ്സിലാക്കാനും അഭിസംബോധന ചെയ്യാനുമുപയോഗിച്ച ഭാഷ, അതിന്റെ പവിത്രതയും സ്ഥാനവും ഓരോ വ്യക്തിയെ സംബന്ധിച്ചും മഹത്വമാർന്നതാണ്. സംസാരിച്ചു തുടങ്ങുന്ന പിഞ്ചുകുഞ്ഞിന്റെ നാവിൽ ആദ്യം തത്തിക്കളിക്കുന്നത് മാതൃഭാഷയാണ്. മാതൃഭാഷ കുട്ടിക്ക് ലഭിക്കുന്ന സഹജഭാഷയാണ്. അമ്മയും മാതൃഭാഷയും കുഞ്ഞിന്റെ രണ്ട് അമ്മമാരായി നിലകൊള്ളുന്നു. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ " എന്ന മഹാകവി വള്ളത്തോളിന്റെ വരികൾ മാതൃഭാഷയുടെ പ്രാധാന്യത്തെയാണ് വിളിച്ചറിയിക്കുന്നത്. മനുഷ്യജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ള ഘടകങ്ങളിൽ ചിലതാണ് മാതാവ്, മാതൃഭൂമി, മാതൃഭാഷ എന്നിവ. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനർവിഭജനം ചെയ്തത് മാതൃഭാഷയെ പ്രോത്സാഹിപ്പിക്കുവാനാണ്. 1999 നവംബർ 17 നാണ് യുനെസ്കോ ഫെബ്രുവരി 21 ലോക മാതൃഭാഷാദിനമായി പ്രഖ്യാപിച്ചത്.

ജനതയുടെ ആത്മാവ് കുടികൊള്ളുന്നത് മാതൃഭാഷയിലാണ്. വിദ്യാഭ്യാസത്തിന്റെ മാധ്യമം മാതൃഭാഷയാകണമെന്ന് ലോകം അംഗീകരിച്ചുകഴിഞ്ഞു. സംസ്കാരവും വിജ്ഞാനവും അമ്മ വാത്സല്യത്തോടെ, അതേ ഉള്ളിണക്കത്തോടെ പകർന്നുതരാൻ മാതൃഭാഷയ്ക്കു മാത്രമേ സാധിക്കൂ. പരീക്ഷ വിജയവും ഉദ്യോഗലബ്ധിയും മാത്രമല്ല വിദ്യാഭ്യാസത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ. നാം മാതൃഭാഷാഭിമാനികളും സ്വരാജ്യസ്നേഹികളും ആയിത്തീരുന്നതിന് വിദ്യാഭ്യാസത്തിൽ പ്രമുഖസ്ഥാനം മാതൃഭാഷയ്ക്ക് നൽകണം. ആശയപ്രകടനത്തിനും ശാസ്ത്രീയ കാര്യങ്ങളെ പ്രതിപാദിക്കാനുമുള്ള എല്ലാ ഗുണവിശേഷങ്ങളുമുള്ള നാം എത്ര ഭാഷകൾ കൈവശമാക്കിയാലും മാതൃഭാഷയിലൂടെ മാത്രമേ സ്വന്തം ഹൃദയവികാരങ്ങൾ ശക്തമായും വ്യക്തമായും മറ്റുള്ളവരെ ധരിപ്പിക്കാൻ കഴിയൂ. വിശ്വസാഹിത്യങ്ങളും ശാസ്ത്രീയ കാര്യങ്ങളും നമ്മിൽ വേരുറയ്ക്കുന്നത്

മാതൃഭാഷയിലൂടെയാണ്. അതുകൊണ്ടാണ് "ഏതൊരു വേദവുമേതൊരു ശാസ്ത്രവും - മേതൊരുകാവ്യവുമേതൊരാൾക്കും ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം" എന്ന് മഹാകവി വള്ളത്തോൾ പാടിയത്. മലയാളിയെ സംബന്ധിച്ചിടത്തോളം പ്രൗഢവും സമ്പന്നവുമായ ഒരു ഭാഷയുടെ അനുഗ്രഹം സിദ്ധിച്ചവരാണ് നമ്മൾ. ഭാരതത്തിന്റെ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാരതത്തിലെ 22 ഔദ്യോഗിക ഭാഷകളിൽ ഒന്നുകൂടിയായ മലയാളത്തിന് 2013 മെയ് 23ന് ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ ശ്രേഷ്ഠഭാഷാപദവി ലഭിക്കുകയുണ്ടായി. ഭാരതത്തിലെ മറ്റേതൊരു ഭാഷയും എന്നതുപോലെ തന്നെ ഒരുപക്ഷേ പല ഭാഷയെക്കാളുപരി പ്രൗഢവും വിശാലവുമായ ഒരു സാംസ്കാരിക സാഹിത്യ സമ്പത്തിന്റെ രത്നാകാരം കൂടിയാണ് ദ്രാവിഡഭാഷാ ഗോത്രത്തിൽ ഉൾപ്പെടുന്ന മലയാളം . ഇതര ഭാരതീയ ഭാഷകളായ സംസ്കൃതം, തമിഴ് എന്നീ ഉദാത്ത ഭാഷകളുമായി മലയാളത്തിന് പ്രകടമായ ബന്ധമുണ്ട്.

മലയാളഭാഷയുടെ സൗന്ദര്യത്തെക്കുറിച്ച് കവി ഇപ്രകാരം വർണിക്കുന്നു "എത്രസുന്ദരമെത്ര സുന്ദരമെന്റെ മലയാളം മുത്തുപവിഴങ്ങൾ കൊരുത്തൊരു പൊന്നുനൂൽപോലെ; " മലയാളം (ഒ.എൻ.വി). മലയാളഭാഷാ പിതാവായ എഴുത്തച്ഛൻ തുടങ്ങിവച്ച ഭക്തിപ്രസ്ഥാനവും അതുവഴിയായി ഭാഷയ്ക്ക് ലഭ്യമായ അതിബൃഹത്തായ സാഹിത്യസമ്പത്തും ഭാഷയുടെ ആത്മശക്തിയായിക്കൂടി നിലകൊള്ളുന്നു. തുടർന്നിങ്ങോട്ട് ഭാഷയെ സമ്പന്നമാക്കിയ കവികളെത്ര പിറന്നൂ അതിധന്യയായ ഈ മലയാളമണ്ണിൽ . ഭാഷയെ അതിർവരമ്പുകളില്ലാതെ സ്നേഹിക്കുകയും സേവിക്കുകയും സമ്പന്നയാക്കുകയും ചെയ്ത കവികളും സാഹിത്യകാരന്മാരും നിരൂപകന്മാരും തുടങ്ങി വരും തലമുറകൾക്ക് മലയാളം എന്ന സൗഭാഗ്യം ഒരു സാധനയെന്നപോലെ പകർന്നു നൽകിയ ശ്രേഷ്ഠരായ അധ്യാപകരും ഈ മാതൃഭാഷാദിനത്തിൽ സ്മരണാർഹരാണ്.

മാതൃഭാഷ അതൊരു വികാരം കൂടിയാണ്. ഈ മണ്ണിൽ പിറന്നുവീഴുന്ന ഓരോ മനുഷ്യനും സ്വന്തം ഭാഷയുടെ സമഗ്രതയിൽ അഭിമാനിക്കുകയും ആവേശം കൊള്ളുകയും ചെയ്യുന്നവരായി വളർന്നു വരുവാൻ ക്രിയാത്മകമായ പദ്ധതികൾ രൂപപ്പെടുത്തിയെടുക്കേണ്ടതായുണ്ട്.

മലയാളഭാഷയുടെ മഹത്വം വിളിച്ചോതുന്ന 'മാണിക്യവീണ' എന്ന കവിതയിൽ മലയാളം മാതൃഭാഷയായത് മുജ്ജന്മസുകൃതമായിട്ടാണ് കവി കരുതുന്നത്. "ജീവന്നു നൂതനോന്മേഷം പകർന്നിടും ദേവഭാഷാമൃതം ചേർന്ന ഭാഷേ, നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ, ജന്മജന്മാന്തര പുണ്യമല്ലേ." നമ്മുടെ ഭരണഭാഷ കൂടിയായ മലയാളത്തിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ് നമ്മുടെ മാതൃഭാഷയായ മലയാളത്തെ സ്നേഹിക്കാം. ഈ നാട് ഉപേക്ഷിച്ച് എവിടെ ചേക്കേറിയാലും "എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ -യന്യയാം ഭാഷ വിരുന്നുകാരി " എന്ന കവി വാക്യം മറക്കാതിരിക്കാം.

# കല്ലിൽ കൊത്തിയ പ്രാർത്ഥന

ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ 74 വർഷം മുൻപു സ്പെയിനിൽ നിന്നുള്ള കർമ്മലീത്ത വൈദികർ 'നിയോ ഗോഥിക്' വാസ്തുശിൽപ മാതൃകയിൽ നിർമിച്ച ചാപ്പലിന്റെ നവീകരണം പൂർത്തിയായി. സഭയിൽ പ്രെയർ ഇൻ സ്റ്റോൺ എന്നറിയപ്പെടുന്ന ചാപ്പലിന്റെ പഴമയുടെ പ്രൗഢിക്കും ഭംഗിക്കും സാങ്കേതിക മികവിനും കോട്ടം തട്ടാതെയാണ് പുനരുദ്ധാരണം, നവീകരിച്ച ചാപ്പലിന്റെ ആശീർവാദം 28ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിക്കും. സഭയിലെ 8 മെത്രാന്മാർ സഹകാർമികരാകും.

പുറംഭിത്തിയിലെ കരിങ്കല്ലും മേൽക്കൂരയിലെ ആസ്ബസ്റ്റോസും ആർച്ച് സീലിങ്ങിലെ ഇഷ്ടികയും ഒഴികെ ചാപ്പൽ നിർമ്മാണത്തിന് ഉപയോഗിച്ച മറ്റെല്ലാ വസ്തുക്കളും ഇറ്റലി, സ്പെയിൻ, യുക്രെയ്ൻ, ബൽജീയം എന്നിവിടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തവയാണ്. ബ്രിട്ടീഷ് പാർലമെന്റിലും കാന്റർബറി കത്തീഡ്രലിലും ഉപയോഗിച്ച ചിത്രപ്പണി ചെയ്ത സ്റ്റെയ്ൻഡ് ഗ്ലാസാണ് സെമിനാരി ചാപ്പലിന്റെ മദ്ബഹായിലും ജനലുകളിലുമുള്ളത്. മൂന്നിടത്തും ഈ ജോലി നിർവഹിച്ചത് ഒരേ ആളുകൾ. റോമിലെ മെസ്സേഴ്സ് കമ്പനി ജീവനക്കാരായ ഗൊദാർദ്, ഗിബ്സ് എന്നിവർ അന്നു സെമിനാരി പ്രോക്യൂറേറ്ററും പിന്നീട് കുവൈത്ത് ബിഷപ്പുമായ ഫാ. വിക്ടർ സാൻമിഗുയേലിന്റെ കുടുംബവക കപ്പലിലാണ് ചാപ്പൽ നിർമാണത്തിനുള്ള സാധന സാമഗ്രികൾ കൊച്ചിയിൽ എത്തിച്ചത്. സ്പെയിനിലെ ധനികനായ കപ്പൽ ഉടമയുടെ മകനായിരുന്നു ഫാ. വിക്ടർ. കുടുംബസ്വത്തായി ലഭിച്ച പണവും അദ്ദേഹം ചാപ്പൽ നിർമ്മാണത്തിനു വിനിയോഗിച്ചു.

ചാപ്പലിന്റെ വാസ്തു ശിൽപ ഭംഗി വിസ്മയിപ്പിക്കുന്നതാണ്. നിർമ്മാണത്തിന് ആർക്കിടെക്ട് ഉണ്ടായിരുന്നില്ല എന്നതാണു കൗതുകകരം. സ്കെച്ചും മറ്റും തയ്യാറാക്കിയതു വൈദികർ തന്നെ. മദ്രാസ് ലയോള കോളജിന്റെ നിർമാണത്തിൽ പങ്കാളിയായിരുന്നു. ബ്രദർ സിൽവത്തിന്റെ മേൽനോട്ടത്തിലായിരുന്നു പണി. സംശയങ്ങൾ തീർക്കാൻ വൈദികർ ഇടടയ്ക്കൊക്കെ തിരുവനന്തപുരത്തെ ഒരു ആർക്കിടെക്ടിന്റെ സഹായം തേടി. ചാപ്പലിന്റെ പുറത്തു കാണുന്നതിനേക്കാൾ കൂടുതൽ കരിങ്കല്ല് വേണ്ടിവന്നു മണ്ണിന്നടിയിൽ അസ്തിവാരം ഒരുക്കാൻ.

ചെത്തി മിനുക്കിയ കരിങ്കല്ലുകൾ സിമന്റ് തേയ്ക്കാതെ അടുക്കിവച്ച പുറംഭിത്തിയുടെ പരുക്കൻ സൗന്ദര്യമാണ് ചാപ്പലിന്റെ മുഖമുദ്ര. എന്നാൽ മിനുസമേറിയ മാർബിളും സ്ഫടികവും മനോഹരമായ ചിത്രപ്പണിക



ളുമാണ് അകത്തെ ആകർഷകത്വം. 28 ടൺ ഭാരമുള്ള വെള്ളകരാര മാർബിളാണ് മദ്ബഹയിൽ വിരിച്ചിരിക്കുന്നത്. ഇതിൽ 8 വ്യത്യസ്ത നിറത്തിലുള്ള മാർബിൾ ഉപയോഗിച്ചുള്ള അലങ്കാര പ്പണികൾ. മദ്ബഹയുടെ മുകളിൽ അവസാന അത്താഴത്തിന്റെ ചിത്രം ഒരുക്കിയത് ഇറ്റാലിയൻ ചിത്രകാരനായ മാരിയോ ബാർബെരിസാണ്. മരതകക്ക ല്ലുകൾ പതിച്ച തൂണുകളുള്ള സിംഹാസനവും ഒറ്റ മാർബിൾ ഫലകത്തിൽ തയ്യാറാക്കിയ ബലിപീഠവും മദ്ബഹയുടെ പ്രത്യേകതയാണ്. ഇതെല്ലാം മെസ്സേഴ്സ് കമ്പനി റോമിൽ നിർമിച്ച് ഇവിടെ എത്തിച്ചു ഫിറ്റ് ചെയ്യുകയായിരുന്നു. ഇറ്റാലിയൻ എൻജിനീയർ മൻഡോലിനി, ഉംബർട്ടോ ബ്രൂണി എന്നിവരെ കമ്പനി ഇതിനുവേണ്ടി ആലുവയിലേക്ക് അയച്ചു.

ക്രിസ്തുവിന്റെ 12 ശിഷ്യന്മാരുടെ ചിത്രങ്ങളാണ് ജനലുകളിൽ സ്റ്റെയ്ൻഡ് ഗ്ലാസിൽ ആലേഖനം ചെയ്തിരിക്കുന്നത്. വിശുദ്ധ തോമസ്, അക്വിനാസ്, വിശുദ്ധ അൽഫോൻസ് ലിഗോരി, കുരിശിന്റെ വിശുദ്ധ യോഹന്നാൻ, വിശുദ്ധ ജോൺ മരിയ വിയാനി എന്നിവരുടെ ചിത്രങ്ങളുമുണ്ട് സ്റ്റെയ്ൻഡ് ഗ്ലാസിൽ ഹന്നാൻ വെള്ളം നിറയ്ക്കുന്ന പാത്രങ്ങൾ സ്പെയിനിൽ നിന്ന് ഇറക്കുമതി ചെയ്തവയാണ്.

2 ടൺ ഭാരമുള്ള കാബിനറ്റിൽ ഉറപ്പിച്ച ചിക്കാഗോ നിർമിത ഇലക്ട്രിക് ഓർഗനും മധ്യകാല യൂറോപ്യൻ വിളക്കുകളുടെ മാതൃകയിൽ ഓടുകൊണ്ടു നിർമ്മിച്ചു വെള്ളി പൂശിയ വിളക്കുകളും വിശുദ്ധ ഫ്രാൻസിസ് സേവ്യർ, വിശുദ്ധ കൊച്ചുത്രേസ്യ, വിശുദ്ധ തോമാശ്ലീഹ, വിശുദ്ധ ജോൺ മരിയ വിയാനി എന്നിവരുടെ അൾത്താരകളും ചാപ്പലിനെ അലങ്കരിക്കുന്നു. ആർച്ച് സീലിങ് ഉറപ്പിച്ചിരിക്കുന്നതു ഭിത്തിയിലല്ല. തൂണുകളിലാണ്.

അധ്യാപകൻ, പ്രോക്യൂറേറ്റർ, റെക്ടർ എന്നി നിലകളിൽ സെമിനാരിയിൽ 20 വർഷമായി പ്രവർത്തിക്കുന്ന പൂർവ വിദ്യാർത്ഥി കൂടിയായ ഫാ. സെബാസ്റ്റ്യൻ തോമസ് പാലമൂട്ടിലിന്റെ ദീർഘകാല സ്വപ്നമാണ് ചാപ്പൽ നവീകരണത്തിലൂടെ സഫലമായിരിക്കുന്നത്.

•

# ചിന്തകൾ ഒരു മാതൃഭാഷാ ദിനത്തെ തൊടുമ്പോൾ...

**സുമിൻ ബെന്നി, മഷിപ്പച്ച**

എന്നെ നിനക്കും നിന്നെ എനിക്കും മനസ്സിലാകണം.... അത്രമാത്രം. ഭാഷ എന്ന വളരെ ചെറിയ വാക്കിൽ ഒതുങ്ങുന്ന മഹാകാശം അതാണ്... എന്റെ പ്രപഞ്ചം തുടങ്ങുന്ന ഏതോ ഇരുൾ പരപ്പിൽ നിന്ന് ഭൂമിയുടെ വെളിച്ചത്തിലേക്ക് വഴുതി വീഴവേ... എന്റെ ഇളം മിഴികളിൽ നനുനനെ അരിച്ചെത്തിയ നേർത്ത വെളിച്ചത്തിനൊപ്പം ഈണമായി സിരകളിൽ പടർന്നു കയറിയതാണ് എന്റെ ഭാഷ....

എന്റെ മാതൃ ഭാഷ...എത്രയോ മാതൃഭാഷാദിനങ്ങൾ ജീവിതത്തിൽ നിന്ന് മാഞ്ഞു.... എന്നിട്ടും ഇപ്പോൾ മാത്രമാണ് എന്റെ മാതൃ ഭാഷയെക്കുറിച്ച് കണ്ണടച്ച് ഒന്ന് ധ്യാനിക്കുന്നത്.

സച്ചിദാനന്ദൻ മാഷിനൊപ്പം പാടി പോകുന്നു.

"എന്റെ സ്ളെയിറ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്....

എന്റെ പുസ്തകത്താളിൽ പെറ്റു പെരുകിയ മയിൽപ്പീലി...

എന്റെ ചുണ്ടുകളിലെ മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം....

ഇതെല്ലാമാണ് എനിക്ക് മാതൃഭാഷ.

ദ്രാവിഡനിറം പുരണ്ട മാതൃഭാഷയായ മലയാളത്തെ തൊട്ടു നോക്കിയും കേട്ട് നോക്കിയും പിന്നീട് രുചിച്ചുനോക്കിയും ആവേശത്തോടെ ആഹരിച്ചുനോക്കിയും നടന്ന ബാല്യകൗമാര യൗവനങ്ങളിൽ ഭാഷാ സ്നേഹം എന്നിൽ ഒരു ഹിമാലയത്തോളം വളർന്നു നിന്നിരുന്നു. പിണങ്ങാനും ഇണങ്ങാനും ചിരിക്കാനും കരയാനും ചിന്തിക്കാനും വിഷാദിക്കാനും ഒക്കെ എനിക്ക് എന്റെ ഭാഷയല്ലാതെ മറ്റൊന്നുമില്ല എന്ന തിരിച്ചറിവ്.....

ഏത് ഉലകത്തിലും

അമ്മ സംസാരിച്ച ഭാഷയാണ് നമ്മുടെ മാതൃഭാഷ.

എത്ര സ്വതന്ത്രമാണ് മാതൃഭാഷയുടെ ആ ലോകം.

കെട്ടിയിടപ്പെട്ട വാക്കുകളില്ല.... അർത്ഥമില്ലാത്ത ശബ്ദങ്ങളില്ല....

അതിലെ ഓരോ വരകൾക്കും വർണ്ണങ്ങൾക്കും പിന്നെ മരങ്ങൾക്കും പൂവുകൾക്കും പുഴകൾക്കും സമുദ്രങ്ങൾക്കും ഒക്കെ എന്റെ മസ്തിഷ്കത്തിൽ നിറഞ്ഞു നിൽക്കാൻ പോരുന്ന അസ്തിത്വമുണ്ട്, മനസ്സിൽ പടർന്നു പന്തലിക്കാൻ പോരുന്ന വിശാലതയുണ്ട്. പക്ഷേ കാലം മാറുകയല്ലേ...? ഒന്നും ഒന്നിനും അനിവാര്യമല്ല എന്ന അലിഖിത സിദ്ധാന്തം വളർന്നു വരുന്ന കാലം... ഈ കാലം സമ്മാനിച്ച വിധിയാകാം....കാതിൽ നിന്ന് കണ്ണിലേയ്ക്കും അവിടെ നിന്ന് മനസ്സിനക

ത്തേയ്ക്കും വളർന്നു പുഷ്ടിപ്പെടേണ്ട മാതൃഭാഷ പക്ഷേ എപ്പോഴൊക്കെയോ വളരാതെ തളർന്നു പോയിരുന്നു.... പിന്നീട് ഏതൊക്കെയോ മണിപ്രവാളങ്ങളിലൂടെ എങ്ങനെയൊക്കെയോ അതിജീവനം പ്രാപിച്ചു എന്ന് പറയാം.

ആ അതിജീവനം..... അത് ഒരതിശയമാണ് എന്ന് പറയാം. ഇംഗ്ലീഷ് വരവോടെ എത്രയോ ഭാഷകൾ മൃതമായി പോയിരിക്കുന്നു. അവയെ ബോധപൂർവ്വം കൊന്നിരിക്കുന്നു....


അവയുടെ അസ്തിത്വം തച്ചുതകർത്തിരിക്കുന്നു. വികലപ്പെടുത്തിയിരിക്കുന്നു. 47 കൊല്ലം മുൻപ് ഞാൻ ആദ്യം കേട്ട മാതൃഭാഷയിൽ നിന്ന് എത്രയെത്ര മാറ്റങ്ങൾ....എനിക്ക് എന്നും പ്രിയപ്പെട്ട മലയാളം ഒന്ന് പറയാൻ പോലും ശ്രമിക്കാത്ത ഇളം ചുണ്ടുകളിൽ ജെൻ Z തൊടുത്തു വിടുന്ന വികലമായ പുതിയ മലയാളം വാക്കുകൾ മാതൃഭാഷയെന്ന് പറഞ്ഞ് ഹൃദയത്തിൽ.... നാവിൽ അലിയിക്കാൻ സമൂഹം ശ്രമിക്കുമ്പോൾ എവിടെയൊക്കെയോ ഒരു പൊള്ളൽ.

AI തലതൊട്ട ജെമിനിയും ബാർഡും ചാറ്റ് ജി പി ടി യും പോലും മലയാളം മൊഴിയുമ്പോൾ മനഃപൂർവ്വം മറന്നുകളയുന്ന മാതൃഭാഷയെ പരിഹസിക്കുന്ന... പുച്ഛിക്കുന്ന ഇളം തലമുറയെ ഓർത്ത് ഞാൻ നിരാശയായി പോകുന്നു. നിങ്ങളുടെ സ്വപ്നങ്ങളിൽ നിന്ന് പോലും മാതൃഭാഷയെ ആട്ടിയകറ്റുന്ന ക്രൂരതയ്ക്ക് എന്ത് പരിഹാരം....? കാലം എല്ലാം തിരിച്ചു കൊണ്ട് വരും..... മാതൃ ഭാഷയുടെ ഭംഗിയും മനസ്സുകളിൽ ഒരിക്കൽ ദീപനാളത്തിന്റെ വിശുദ്ധിയോടെ തെളിഞ്ഞു കത്തട്ടെ എന്നു മാത്രം ആശംസിക്കാം.

(കോട്ടയം സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപികയാണ് ലേഖിക.)

---

## ഫെബ്രുവരി — പരേതരെ സ്മരിക്കാം



| | | |
|---|---|---|
| 03 | (2002) | ഫാ. ജോർജ് കളത്തറ |
| 08 | (1947) | ഫാ. സെഫ്രിനൂസ് ഒ.സി.ഡി. |
| 10 | (1976) | ഫാ.ഡിഡാക്കൂസ് ഒ.സി.ഡി. |
| 12 | (1947) | ഫാ. റാഫേൽ മന്ത്ര |
| 17 | (1939) | ബ്ര. ലിയോ ഒ.സി.ഡി. |
| 23 | (1983) | ഫാ. അൽഫോൻസ് മരിയ ഒ.സി.ഡി. |
| 24 | (2010) | ഫാ. ആന്റണി കൊറെയ |
| 27 | (1943) | ധന്യൻ ഫാ. ജോൺ വിൻസെന്റ് ഒ.സി.ഡി. |

# സ്നേഹകൂട്ടായ്മയിലേക്കുള്ള കൈകോർക്കൽ

റവ.ഡോ. ക്ലീറ്റസ് കതിർപറമ്പിൽ

സൗത്താഫ്രിക്കയിലെ ഗ്രൂട്ട്ഷൂർ ഹോസ്പിറ്റൽ ചീഫ് സർജൻ ഡോ. ക്രിസ്റ്റ്യൻ ബർണാഡിന്റെ നേതൃത്വത്തിൽ 1967-ൽ നടന്ന ഒരു ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ കുറിച്ച് കേട്ടിട്ടുണ്ട്. ലൂയി വാഷ്കിൻസ്കി എന്ന ഹൃദ്രോഗിക്ക് പത്തുദിവസം കൂടി ജീവിതം നീട്ടി കൊടുത്ത ആ സംഭവം ലോകചരിത്രത്തിലെ ആദ്യത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആയിരുന്നത്രേ. ഹൃദയം മാറ്റിവയ്ക്കൽപോലും സാധിതമായിരിക്കുന്ന ഒരു യുഗത്തിൽ ക്രിസ്തീയ ആധ്യാത്മികതയ്ക്ക് നിദാനമായി ഹൃദയത്തെക്കുറിച്ച് ഒരു ചാക്രിക ലേഖനം 'ദിലെക്സിത്ത് നോസ്' അഥവാ 'അവൻ നമ്മെ സ്നേഹിച്ചു' എന്നത് ഈശോയുടെ തിരുഹൃദയത്തെയും ആ ഹൃദയത്തിൽ ജ്വലിക്കുന്ന സ്നേഹാഗ്നിയേയും കുറിച്ചുള്ളതാണ്.

## ഹൃദയത്തിന്റെ അർഥം

ഹൃദയം എന്നത് മനുഷ്യന്റെ നെഞ്ചിനു മധ്യത്തിൽ അല്പം ഇടത്തേക്ക് ചരിഞ്ഞിരിക്കുന്ന ഒരു അവയവമാണ്. മനുഷ്യൻ ഉൾക്കൊള്ളുന്ന ജന്തു ജീവികളുടെ രക്തചംക്രമണ വ്യൂഹത്തിലെ രക്തം പമ്പ് ചെയ്യുന്ന ഒരു അവയവം. അശുദ്ധ രക്തം സ്വീകരിക്കുകയും ശുദ്ധ രക്തം ശരീരത്തിന്റെ നാനാഭാഗങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം. ഇങ്ങനെ നോക്കിയാൽ മനോഹരമായ വിധത്തിൽ പ്രവർത്തിക്കുന്ന ഒരു പമ്പ്.

അപ്പോൾ വെറുമൊരു പമ്പ് ഭക്തിയാണ് ക്രിസ്ത്യാനിയുടെ തിരുഹൃദയ ഭക്തി ദിലെക്സിത്ത് നോസിന്റെ ഒന്നാമത്തെ അധ്യായം മുഴുവൻ വിവരിക്കുന്നത് ഹൃദയത്തെക്കുറിച്ചാണ്. കാർഡിയ എന്ന ഗ്രീക്ക് വാക്ക് സൂചിപ്പിക്കുന്ന അർഥതുല്യമായ മനുഷ്യ വ്യക്തികളുടെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ഏറ്റവും ആന്തരിക ഭാവത്തെക്കുറിച്ച് പറഞ്ഞു തുടങ്ങിയിട്ട് തത്വശാസ്ത്ര, ദൈവശാസ്ത്ര വിശകലനങ്ങളിലൂടെ ഹൃദയത്തിന്റെ പ്രാധാന്യം വിശദീകരിച്ച് കർത്താവിന്റെ ഹൃദയത്തിന്റെ സ്നേഹത്തിലേക്ക് അത് നമ്മെ നയിക്കുന്നു.

## കർത്താവിന്റെ കുത്തിത്തുറക്കപ്പെട്ട ഹൃദയം ജീവന്റെ ഉറവ

കർത്താവിന്റെ ഹൃദയത്തിന്റെ വ്യക്തിത പരിശുദ്ധ പിതാവ് വിവരിക്കുന്നത് അത് കുത്തിത്തുറക്കപ്പെട്ട അനുകമ്പയുടെയും അപേക്ഷയുടെയും ആത്മപ്രവാഹം ആണെന്നാണ് പുതുജീവിന്റെ ഉറവയായ കർത്താവിന്റെ കുത്തിത്തുറക്കപ്പെട്ട ഹൃദയത്തിൽ ആദിമ ക്രൈസ്തവർ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതായി വിശ്വസിച്ചിരുന്നു.

ക്രിസ്തുവിന്റെ മുറിവേൽപ്പിക്കപ്പെട്ട വിലാവിൽ നിന്നും ആത്മാവിന്റെ ജലം ഒഴുകി. പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി.

ഉടനെ അതിൽ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു. അപ്പോൾ സുവിശേഷകന് ജറുസലേമിലെ നിർഗളിക്കപ്പെട്ട ഉറവയെക്കുറിച്ചും കുത്തി മുറിവേൽപ്പിക്കപ്പെട്ടവരെക്കുറിച്ചും പറഞ്ഞ പ്രവചനം ഓർമ വന്നു. നിർഗളിക്കുന്ന ഉറവ ക്രിസ്തുവിന്റെ മുറിവേറ്റ വിലാവാണ് (ദിലെക്സിത്ത് നോസ് നമ്പർ 96) യേശുവിന്റെ കുത്തിത്തുറക്കപ്പെട്ട ഈ ഹൃദയത്തെ പരിശുദ്ധ പിതാവ് വിശേഷിപ്പിക്കുന്നത് ദൈവം തന്റെ ജനത്തോട് അനവരതം കാണിച്ച സ്നേഹത്തിന്റെ ഉറവിടത്തോടാണ് (ദിലെക്സിത്ത് നോസ് പാരഗ്രാഫ് 99)

## തിരുഹൃദയഭക്തിയുടെ അടിസ്ഥാനം

സ്നേഹത്തിന്റെ വറ്റാത്ത ഉറവയായി തീരനായി കുത്തിത്തുറക്കപ്പെട്ട കർത്താവിന്റെ ഹൃദയമാണ് തിരുഹൃദയ ഭക്തിയുടെയെല്ലാ അടിസ്ഥാനം. വിശുദ്ധ അഗസ്റ്റിൻ തിരുഹൃദയ ഭക്തിയെ കാണുന്നത് കർത്താവുമായുള്ള നമ്മുടെ വ്യക്തിപരമായ കൂടിക്കാഴ്ചയുടെ കേന്ദ്രമായാണ്. ക്രിസ്തുവിന്റെ മുറിവേറ്റ വിലാപ്പുറം കൃപയുടെയും കൂദാശകളുടെയും ഉറവിടവും ക്രിസ്തുവുമായുള്ള നമ്മുടെ അടുത്ത ഉടമ്പടിയുടെ പ്രതീകവും സ്നേഹത്തിന്റെ കൂടിക്കാഴ്ചയുടെ പശ്ചാത്തലവുമാണ് (ദിലെക്സിത്ത് നോസ് 103). കുത്തിത്തുറക്കപ്പെട്ട ആ വിലാവ് കൂദാശകളുടെ ഉറവിടമാണെങ്കിൽ അവിടെ നിന്നും നിർഗളിക്കുന്ന ജീവന്റെ ഉറവയാണ് നാം സ്വീകരിക്കുന്ന വരപ്രസാദം എന്ന ദൈവീക ജീവൻ. മറ്റു വാക്കുകളിൽ പറഞ്ഞാൽ കൂദാശകളിലൂടെ നമ്മൾ സ്വീകരിക്കുന്നത് കർത്താവിന്റെ കുത്തിത്തുറക്കപ്പെട്ട ഹൃദയത്തിൽ നിന്ന് ഒഴുകിയ ചോരയിലൂടെ പ്രവഹിക്കുന്ന ദൈവീക ജീവൻ ആണ്.

## തിരുഹൃദയത്തിന് പ്രതിഷ്ഠമായ ഭവനങ്ങൾ

തിരുഹൃദയ ഭക്തിയുടെ ഏറ്റവും നല്ല പ്രകടനമായ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായിരിക്കുന്ന ഭവനങ്ങളിൽ വസിക്കുമ്പോൾ 1673 ഡിസംബറിനും 1675 ജൂണിനും ഇടയിൽ വിശുദ്ധ മാർഗ്രറ്റ് മേരി അലക്കോക്കിനുണ്ടായ ക്രിസ്തുവിന്റെ പ്രത്യക്ഷീകരണത്തിന്റെ പരമ്പരയിലെ ചില ഭാഗങ്ങൾ ചാക്രിക ലേഖനം അവതരിപ്പിക്കുന്നുണ്ട്. ആദ്യ പ്രത്യക്ഷീകരണത്തിൽത്തന്നെ ഈശോ പറഞ്ഞത് എന്റെ തിരുഹൃദയം മനുഷ്യരോടുള്ള പ്രത്യേകിച്ച് നിന്നോടുള്ള സ്നേഹത്താൽ ജ്വലിക്കുന്നു എന്നായിരുന്നു. (ദിലെക്സിത്ത് നോസ് 190)

ദൈവ കരുണയുടെ തീഷ്ണമായ ജ്വാലകൾ തിരുഹൃദയ ചിത്രത്തിൽ നമുക്ക് വ്യക്തമാണ്. നിലനില്ക്കുന്നവർ ആ ജ്വലനം തനിക്കുവേണ്ടി തന്നെയാണെന്ന് തിരിച്ചറിയണം എന്നുമാത്രം.

തിരുഹൃദയ ഭക്തനെ ദൈവസത്തയിലേക്ക് വിലയം പ്രാപിക്കുന്നതിനെക്കുറിച്ച് ആത്മകഥയിൽ വിശുദ്ധ മാർഗ്രറ്റ് മേരി അലക്കോക്ക് വർണിക്കുന്നത് ഇപ്രകാരമാണ്. "അവിടുന്ന് എന്റെ ഹൃദയം ചോദിച്ചു. എടുത്തുകൊള്ളാൻ ഞാൻ അവിടുത്തോട് പറഞ്ഞു. അവിടുന്ന് അങ്ങനെ ചെയ്യുകയും എന്നെ അവിടുത്തെ തിരുഹൃദയത്തിൽ വയ്ക്കുകയും ചെയ്തു. എന്നിട്ട് ആ തീച്ചൂളയിൽ ദഹിക്കപ്പെട്ട ഒരു ചെറിയ കണത്തിൽ എന്റെ ഹൃദയം അവൻ കാട്ടിത്തന്നു."

(ദിലെക്സിത്ത് നോസ്, 123) അവിടുത്തോട് ഒന്നായി ചേരാനുള്ള ശ്രമം തിരുഹൃദയ ഭക്തി നമുക്ക് നല്കുന്നു.

ഈ അർഥത്തിലാണ് എല്ലാ ഭവനങ്ങളിലും നാം തിരുഹൃദയ ചിത്രം വയ്ക്കുന്നതും നമ്മെയും നമ്മുടെ കുടുംബത്തെയും തിരുഹൃദയ നാഥനിൽ പ്രതിഷ്ഠിക്കുന്നതും പരിശുദ്ധ പിതാവിന്റെ വാക്കുകളിൽ ക്രിസ്തുവിന്റെയും അവിടുത്തെ ഹൃദയത്തിന്റെയും പ്രതിരൂപം അതിൽ തന്നെ ആരാധിക്കാനുള്ളതോ മറ്റു പ്രതിരൂപങ്ങൾപോലെയുള്ള ഒരു വസ്തുവോ അല്ല മറിച്ച്, എല്ലാ മാനവരാശിക്കുംവേണ്ടി പ്രവഹിച്ച രക്ഷയുടെ ഉറവിടത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു യഥാർത്ഥ അടയാളമാണ് ( ദിലെക്സിത്ത് നോസ് 52). കർത്താവിന്റെ ജീവനും രക്ഷയും നമ്മിലേക്ക് ഒഴുകുന്നു എന്നതാണ് പ്രധാനം.

## മാസാദ്യ വെള്ളി ആചരണം

ഇതിന്റെ തുടർച്ചയാണ് മാസാദ്യവെള്ളി ആചരണം. അവിടുത്തെ തിരുഹൃദയമായ ഭക്തിയുടെ പൂർണത എന്ന നിലയിൽ പരിശുദ്ധ കുർബാനയെ അവതരിപ്പിക്കുന്നു. മാസാദ്യ വെള്ളിയാഴ്ചകളിൽ പരിശുദ്ധ കുർബാന സ്വീകരണത്തിന് നാം എന്നും ഊന്നൽ കൊടുത്തിരുന്നു. ചാക്രികലേഖനം അതിനെക്കുറിച്ച് പഠിപ്പിക്കുന്നത് ദൈവത്തിന്റെ കരുണയിലും പാപമോചനത്തിലും ഉള്ള വിശ്വാസം നഷ്ടപ്പെടുകയും വിശുദ്ധ കുർബാന സ്വീകരണം പൂർണതയിൽ ജീവിക്കുന്നവർക്ക് മാത്രമുള്ള സമ്മാനമാണെന്ന് കരുതുകയും ചെയ്യുന്ന സമയത്ത്, തിരുഹൃദയ ഭക്തിയുടെ ഫലമായി രൂപംകൊണ്ട മാസാദ്യ വെള്ളിയാഴ്ചയിലെ വിശുദ്ധ കുർബാന സ്വീകരണം ശക്തമായ ഒരു സന്ദേശമായിരുന്നു എന്നാണ് (ദിലെക്സിത്ത് നോസ് 84)

## തിരുഹൃദയ ഭക്തിയും പരിശുദ്ധ കുർബാനയുടെ ആരാധനയും

തിരുഹൃദയ ഭക്തിയുടെ ഭാഗമായുള്ള കുർബാന സ്വീകരണംപോലെ തന്നെ പ്രധാനപ്പെട്ട ഭക്താഭ്യാസമായാണ് പരിശുദ്ധ കുർബാനയുടെ ആരാധനയെയും ചാക്രികലേഖനം അവതരിപ്പിക്കുന്നത്. എല്ലാ വ്യാഴാഴ്ചയും ഒരു മണിക്കൂർ ആരാധനയിൽ ചെലവിടുന്ന രീതിയെക്കുറിച്ച് പറയുന്നത് തിരുഹൃദയത്തിന്റെ സ്നേഹം കുർബാനയിൽ കണ്ടെത്തുമ്പോൾ മനുഷ്യാവതാരമെടുത്ത വചനത്തിന്റെ ഹൃദയത്തിലൂടെ മനുഷ്യവർഗത്തോടുള്ള ദൈവിക സ്നേഹത്തിന്റെ പ്രകടനവും അടയാളവുമായിതിനെ നാം സഭയോടൊപ്പം ആരാധിക്കുന്നു എന്നാണ് (ദിലെക്സിത്ത് നോസ് 85). ഇവിടെ ദൈവവചനത്തിന്റെ ശക്തിയും ദൈവത്തിന് നമ്മോടുള്ള സ്നേഹവും ആരാധനാ സമൂഹമായ സഭയുടെ ഐക്യവും എല്ലാം ഊന്നി പറഞ്ഞിരിക്കുന്നു.

## തിരുഹൃദയ ഭക്തിയും സഹോദര പ്രതിബദ്ധതയും

അവസാനത്തെ അധ്യായത്തിൽ തിരുഹൃദയ ഭക്തിക്ക് മറ്റൊരു നാം നല്കുന്നു. അതിന്റെ തുടക്കം വിശുദ്ധ മാർഗ്രറ്റ് മേരി അലാക്കോക്കിനുണ്ടായ രണ്ടാമത്തെ മഹത്തായ വെളിപ്പെടുത്തലാണ്. അത് കർത്താവ് തന്റെ

പീഡാനുഭവത്തിൽ അനുഭവിച്ചതിനേക്കാൾ വേദനാജനകമായ അനുഭവമാണ്. മനുഷ്യവർഗത്തോടുള്ള തന്റെ അനന്തമായ സ്നേഹത്തിന് പകരമായി നന്ദികേടും നിസ്സംഗതയും മാത്രം. തണുപ്പും അവഹേളനവും മാത്രം ആണ് അവിടുത്തേക്ക് ലഭിക്കുന്നതെന്ന് അവിടുന്ന് വേദനയോടെ പറഞ്ഞതാണ് (ദിലെക്സിത്ത് നോസ് 165). ഈ വേദനയും ദുഃഖവും മാറ്റിക്കൊടുക്കാനുള്ള പരിശ്രമം തിരുഹൃദയ ഭക്തരുടെ ജീവിത ദൗത്യമാകണം. അവിടെ ക്രൈസ്തവ ആത്മീയതയുടെ ചരിത്രത്തിൽ യേശുവിന്റെ തിരുഹൃദയത്തോടുള്ള ആരാധനയും നമ്മുടെ സഹോദരി സഹോദരന്മാരോടുള്ള പ്രതിബദ്ധതയും ഒന്നായി തീരുന്നു.

ഇവിടെ തിരുഹൃദയ ഭക്തിയുടെ അനന്തരഫലമായി നാം ആയിത്തീരേണ്ട നമ്മുടെ കർമ്മ മേഖലകൾ പരിശുദ്ധ പിതാവ് അക്കമിട്ട് നിരത്തുന്നു.

1. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയതക്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും. (യോഹ 7-38) എന്ന വചനത്തിന്റെ പൂർത്തീകരണമായി നാമെല്ലാവരും മറ്റുള്ളവർക്കും പാനം ചെയ്ത് ദാഹമടക്കാൻ ഉതകുന്ന ഉറവകളായി തീരണം (ദിലെക്സിത്ത് നോസ് 173-176).
2. നമ്മുടെ പല കുറവുകളും പോരായ്മകളും സഹിച്ചുകൊണ്ട് നമ്മുടെ കർത്താവ് നമ്മെ സ്നേഹിച്ചതുപോലെ നാം നമ്മുടെ സഹോദരങ്ങളോടും അതേ രീതിയിൽ പെരുമാറണം. അവരോട് സഹിഷ്ണുത കാണിക്കുന്നതിൽ ഒരിക്കലും മടുപ്പ് തോന്നരുത്. (ദിലെക്സിത്ത് നോസ് 177-180)
3. ക്രിസ്തുവിന്റെ ഹൃദയത്തിൽ നമ്മെ തന്നെ സമർപ്പിച്ചുകൊണ്ട് വിദ്വേഷത്തിന്റെയും ആക്രമത്തിന്റെയും നാശക്കൂമ്പാരങ്ങൾക്കുമേൽ സ്നേഹ സംസ്കാരത്തിന്റേതായ ക്രിസ്തു ഹൃദയത്തിന്റെ രാജ്യം പണിയാൻ നമുക്ക് കഴിയണം. (ദിലെക്സിത്ത് നോസ് 181-184)
4. മുറിവേറ്റ ഹൃദയങ്ങൾ സൗഖ്യമാക്കണം (ദിലെക്സിത്ത് നോസ് 185-186)
5. ദ്രോഹം സംഭവിച്ച വ്യക്തിയുടെ ഹൃദയത്തെ സ്പർശിക്കാൻ സഹായിക്കുന്ന രണ്ടു കാര്യങ്ങളാണ് നമ്മുടെ തെറ്റുകൾ അംഗീകരിക്കുന്നതും അവയ്ക്ക് മാപ്പു ചോദിക്കുന്നതും. (ദിലെക്സിത്ത് നോസ് 187-190)

**ഉപസംഹാരം**

ക്രിസ്തുഹൃദയത്തെ ദ്രോഹിച്ചതിന് പരിഹാരം അനുഷ്ഠിച്ചുകൊണ്ട് ആ ഹൃദയസ്നേഹം വ്യാപിപ്പിക്കാൻ ഉതകുന്ന കർമ്മങ്ങൾ അനുഷ്ഠിക്കുന്നതും ലോകത്തിലേക്ക് സ്നേഹം കൊണ്ടുവരാൻ സേവനത്തിന്റെ കൂട്ടായ്മയിൽ കൈകോർത്ത് അണിചേരുന്നതുമെല്ലാം തിരുഹൃദയ ഭക്തിയുടെ കാലിക പ്രകടനമായി അവതരിപ്പിച്ചുകൊണ്ട് ചാക്രിക ലേഖനം സംഗ്രഹിക്കുന്നത്. ഈ പഠനം നാം നാളിതുവരെ അനുഷ്ഠിച്ചു പോന്ന തിരുഹൃദയ ഭക്തിവണക്കങ്ങളുടെ തീക്ഷ്ണമായ ആചരണങ്ങളിലേക്കും ക്രൈസ്തവ ആധ്യാത്മികതയുടെ പുതുദർശന പൂർത്തീകരണത്തിലേക്കും നയിച്ചുകൊണ്ട് ഏവരെയും ക്രിസ്തുവിന്റെ കുത്തിത്തുറക്കപ്പെട്ട ഹൃദയത്തിൽ നിന്ന് ഒഴുകുന്ന സ്നേഹാചാരയുടെ ജീവനാൽ നിറയ്ക്കും എന്ന് പ്രത്യാശിക്കാം.

കെസിവൈഎം വിജയപുരം രൂപത വാർഷിക സെനറ്റ് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് ജനുവരി10,11,12 നടക്കുകയുണ്ടായി. വാർഷിക സെനറ്റിൽ രൂപതാ സമിതിയുടെ ഇലക്ഷൻ ഉണ്ടായിരുന്നു. അതിൽ പുതിയ രൂപതാ സമിതിയെ തെരഞ്ഞെടുത്തതായി സ്നേഹപൂർവ്വം അറിയിക്കുന്നു. ഇടവകകളിൽ നിന്ന് വാർഷിക സെനറ്റിലേക്ക് ഭാരവാഹികളെ അയച്ച എല്ലാ വികാരിയച്ചന്മാർക്കും സ്നേഹപൂർവ്വം ഒത്തിരി നന്ദി. തെരഞ്ഞെടുക്കപ്പെട്ട നിയുക്തരായ ഭാരവാഹികളുടെ തസ്തികകളും പേരുകളും ചുവടെ ചേർക്കുന്നു.

**Vijayapuram KCYM Diocese 2025– 2026**

President: അജിത് അൽഫോൻസ്, കുട്ടിക്കാനം
General Secretary: അനു വിൻസെന്റ്, പാമ്പനാർ
Vice President ( Female): എയ്ഞ്ചൽ സണ്ണി, അടിമാലി
Vice President (Male): ജസ്റ്റിൻ രാജൻ, കല്ലർ.
Secretary(Male): പ്രിൻസ് എബ്രഹാം, ഏന്തായാർ
Secretary (Female) : അഞ്ജന ഷാജി, വേളൂർ
Treasurer : ബിജിൻ P.B, പാക്കിൽ
Male State Syndicate: ജോസ് സെബാസ്റ്റ്യൻ, ആണ്ടൂർ

ഫാ. ജോൺ വിയാനി, (രൂപത ഡയറക്ടർ, വിജയപുരം രൂപത)

## ജന്മദിനാശംസകൾ




ഫെബ്രുവരി

| | |
|---|---|
| 02 | ഫാ. ഡൊമിനിക് സാവിയോ |
| 06 | ഫാ. ജോർജ്ജ് മനോജ് ലോബോ |
| 09 | ഫാ. ജോൺവിയാനി മറ്റുപിള്ളിയിൽ |
| 09 | ഫാ. സേവ്യർ തൈപ്പാടത്ത് ഒ.എസ്.ജെ. |
| 10 | ഫാ. മാത്യു മഠത്തിൽ |
| 12 | ഫാ. പോൾ ഡെന്നി രാമച്ചംകുടി |
| 17 | ഫാ. തെയോഫിൻ വെനാർഡ് തുരുത്തിക്കോണം |
| 18 | ഫാ. റ്റോമി ചിറയ്ക്കൽ പുരയിടത്തിൽ എം.എസ്.എഫ്.എസ്. |
| 21 | ഫാ. വർഗീസ് കണിയാന്തറ |
| 27 | ഫാ. ആന്റണി മണപ്പുറത്ത് |
| 27 | ഫാ. ചാക്കോ പുത്തൻപുരയ്ക്കൽ |
| 27 | ഫാ. ജോർജ് മുടക്കംപുറം എസ്.വി.ഡി. |

# ഇടവക വാർത്തകൾ




തൊടുപുഴ മദർ തെരേസ ദേവാലയത്തിൽ നവംബർ മാസം മതാധ്യാപക ദിനമായി ഇടവക ഒന്നാകെ ആചരിച്ചു. അധ്യാപകരെ വികാരിയച്ചനും കുട്ടികളും ഇടവകജനവും ഒന്നു ചേർന്ന് ആദരിക്കുകയും ഇടവകജനത്തിന് സ്നേഹവും പ്രതീക്ഷയും അധ്യാപകരിലൂടെ പൂർത്തിയാവാൻ നിസ്വാർത്ഥമായ പ്രവർത്തനം പ്രതീക്ഷിക്കുന്നതായി തന്റെ സന്ദേശത്തിലൂടെ ഇടവക വികാരി ഫാ. ഐസക് പടിഞ്ഞാറേകുറ്റ് പറഞ്ഞു. തുടർന്ന് അധ്യാപകരെ ആദരിച്ചു. കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി.

ക്രിസ്തു രാജ തിരുനാൾ മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ സംയുക്തമായി ആചരിച്ചു. വികാരി അച്ചന്റെ ആത്മീയ ഉണർവ് നൽകുന്ന ദിവ്യബലിയും സന്ദേശവും ഇടവക ജനത്തിന് ഒന്നാകെ ഉണർവ് പകരുന്നത് ആയിരുന്നു. തുടർന്ന് ക്രിസ്തുരാജന്റെ രാജത്വത്തെ പ്രഖ്യാപിച്ച് കുട്ടികളും മുതിർന്നവരും ജയ് വിളിച്ച് അതിമനോഹരമായി ജാഥയും നടന്നു.

ഡിസംബർ മാസം ബൈബിൾ പാരായണ മാസം ആയി ആചരിക്കുകയും എല്ലാ യൂണിറ്റിലും സന്യാസഭവനങ്ങളിലും മതബോധന വിഭാഗത്തിലും ബൈബിൾ പാരായണം നടത്തുകയും ചെയ്തു. ഡിസംബർ മാസത്തിൽ മതബോധന വിഭാഗം ഒന്നാകെ ക്രിസ്മസ് ആഘോഷം നടത്തുകയുണ്ടായി. ആഘോഷങ്ങൾക്ക് മാറ്റു കൂട്ടുവാൻ കരോൾ സംഘം ഭവനങ്ങളിൽ വരികയും ദൂരത്തെ മറികടന്ന് വന്ന കരോൾ സംഘത്തെ ഹാർദ്ദമായി സ്വീകരിക്കാൻ കുടുംബങ്ങൾ ഒത്തുകൂടുകയും ചെയ്തു. 24ന് തിരുപിറവിയോടനുബന്ധിച്ചുള്ള ദിവ്യബലിയിൽ ഭക്തിയോടെ കുട്ടികളും മുതിർന്നവരും പങ്കെടുത്ത തിരുപ്പിറവി എല്ലാ വ്യക്തികളുടെയും ഹൃദയത്തെ പുതുക്കുകയും നമ്മുടെ ഉള്ളിൽ സ്നേഹത്തിന് വിത്തുകൾ പാകി വളരുവാനും അങ്ങനെ ഒരു സ്നേഹ സമൂഹം ആയി മാറുവാൻ നമ്മൾക്ക് കഴിയട്ടെ എന്ന് തന്റെ സന്ദേശത്തിൽ വികാരിയച്ചൻ ഉദ്ബോധിപ്പിച്ചു.




സെന്റ്.മദർ തെരേസ ദേവാലയത്തിലെ ഇടവക വികാരി ഫാദർ ഐസക് പടിഞ്ഞാറെക്കുറ്റിന്റെ പൗരോഹിത്യ രജത ജൂബിലി ഇടവക ആഘോഷിച്ചു. ഇടവക ദേവാലയത്തിന്റെ സന്തോഷത്തിനും അഭിമാനത്തിനും വലിയ ദിനം തന്നെയായിരുന്നു അത്.തങ്ങളുടെ പ്രിയപ്പെട്ട വികാരിയച്ചനെ ബലിവേദിയിലേക്ക് ആനയിക്കാൻ മുതിർന്നവരും കുട്ടികളും ദേവാലയത്തിന്റെ എല്ലാ നല്ല ഉപകാരികളും എത്തിയിരുന്നു. കൃതജ്ഞത ബലി അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷ സ്ഥാനം വഹിച്ച സിസ്റ്റർ സ്വപ്ന, പാരീഷ് കൗൺസിൽ സെക്രട്ടറി, പിടിഎ കൺവീനർ, കുട്ടികളുടെ പ്രതിനിധി, സന്യാസ കൂട്ടായ്മകളുടെ പ്രതിനിധി വിവിധ യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു. തനിക്ക് തന്റെ ഇടവകജനം നൽകിയ അകമഴിഞ്ഞ സ്നേഹത്തിന് ഐസക് അച്ചൻ നന്ദി പറഞ്ഞു. ഈ ദേവാലയത്തിൽ ആയിരിക്കാൻ കഴിഞ്ഞ ദൈവനിയോഗത്തിന് നന്ദി പറയുകയും തന്നെ എന്നും പ്രാർത്ഥനയിൽ ഓർക്കണം എന്നും അഭ്യർത്ഥിച്ചു. എല്ലാവരും സ്നേഹ വിരുന്നോടെ പിരിഞ്ഞു.

**വിവാഹ ഒരുക്ക സെമിനാർ** കോട്ടയത്തു വച്ചു ഫെബ്രുവരി 6,7,8 തീയതികളിൽ നടത്തപ്പെടുന്നതാണ്. ആറാം തീയതി രാവിലെ ഒൻപതു മണിക്ക് സെമിനാർ ആരംഭിക്കും. പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രം, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബൈബിൾ, നോട്ട്ബുക്ക്, പേന, എന്നിവ കൊണ്ടുവരേണ്ടതാണ്.

സെമിനാറിന്റെ അവസാന ദിവസം എട്ടാം തീയതി രാവിലെ 9.30 ന് മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ മാതാപിതാക്കളും നിർബന്ധമായും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി വിളിച്ചു അവസരം ഉറപ്പാക്കേണ്ടതാണ്.


രജിസ്ട്രേഷൻ ഫീസ്. 1750.രൂപ.

വിളിക്കേണ്ട നമ്പർ :

Mr. Reji John, 9747713183,9961144628,

Fr. Joseph Babu poovathumkal, 8606019352

Fr. Joseph Poovathumkal ( Co ordinator Ministry of Family Apostolate Vijayapuram)



മേജർ –മൈനർ സെമിനാരി റെക്ടർ അച്ചന്മാരുടെ സംയുക്ത മീറ്റിംഗ് കാർമ്മൽഗിരി പൊന്തിഫക്കൽ സെമിനാരിയിൽ വച്ച് നടന്നപ്പോൾ, വിജയപുരം ബ്രദേഴ്സ് രൂപതാ അച്ചന്മാരോടൊപ്പം



തിരുവല്ല മേഖലയിൽ, ജൂബിലി വർഷത്തോടനുബന്ധിച്ച്, മാരാമൺ ഇടവകയിൽ വച്ച് നടത്തപ്പെട്ട സമൂഹ ദിവ്യബലിയിൽ നിന്നും




കെ.സി.വൈ.എം വിജയപുരം രൂപത വാർഷിക സെനറ്റ് സമ്മേളനം സമാപിച്ചു. യുവജനങ്ങൾ തങ്ങളുടെ സമ്മതിദായക അവകാശം കൃത്യമായി വിനിയോഗിക്കുക, രാഷ്ട്രബോധമുള്ള യുവജനങ്ങളായി മാറുക എന്നിവ മുഖ്യചർച്ചവിഷയമായ സമ്മേളനത്തിൽ രൂപതയിലെ 40 യൂണിറ്റുകളിൽ നിന്നും 120 ഓളം യുവജനങ്ങൾ പങ്കെടുത്തു. പുതുപ്പള്ളി എം.എൽ. എ അഡ്വ. ചാണ്ടി ഉമ്മൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ




രൂപത പ്രസിഡന്റ് അജിത്ത് അൽഫോൻസ് അധ്യക്ഷത വഹിച്ചു. കോട്ടയം എം.പി അഡ്വ. ഫ്രാൻസിസ് ജോർജ് മുഖ്യാതിഥിയായിരുന്നു. കെ.സി. വൈ.എം സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവൽ എം.ജെ, കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി സുബിൻ. കെ.സണ്ണി, രൂപത ജനറൽ സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ, രൂപത ഡയറക്ടർ ഫാ. ജോൺ വിയാന്നി, അസോ സിയേറ്റ് ഡയറക്ടർ ഫാ ജിതിൻ ഫെർണാണ്ടസ്, രൂപത ആനിമേറ്റർ സി. മേരി ജ്യോതിസ്, പട്ടിത്താനം മേഖല ഡയറക്ടർ ഫാ. ഡൊമിനിക് സാവിയോ, രൂപത ഉപദേശക സമിതി അംഗങ്ങളായ എ. ജെ സാബു (മണ്ണയ്ക്കനാട്), സജി പി.സി (പുല്ലരിക്കുന്ന് ) എന്നിവർ സംസാരിച്ചു.

---

ആദരാഞ്ജലികൾ



**റവ.ഫാ. ആന്റണി കനകമംഗലം**
വിജയപുരം രൂപത

ആദരാഞ്ജലികൾ



**ചാക്കോ (87)**
ചെങ്ങളം സെന്റ് ഫ്രാൻസിസ് ഭവന്റെ സുപ്പീരിയർ ആയ സിസ്റ്റർ സുമ SFSC യുടെ പിതാവ്

ആദരാഞ്ജലികൾ



**റവ.സി. ആൻസ്റ്റാസിയ SCC (91)**

***2024-2025 ലെ മതബോധന വാർഷിക പരീക്ഷ ഫെബ്രുവരി 23 ഞായറാഴ്ച നടത്തപ്പെടുന്നതാണ്***
***- മതബോധന വിഭാഗം***

## ഗർഭാശയ ക്യാൻസറും സാനിറ്ററി നാപ്കിനുകളുടെ ഉപയോഗവും-ബോധവത്ക്കരണ ക്ലാസ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വം നൽകുന്ന ആശാകിരണം കാൻസർ സുരക്ഷ പദ്ധതിയുടെ ഭാഗമായി ഗർഭാശയ കാൻസറും സാനിറ്ററി നാപ്കിനുകളുടെ ഉപയോഗവും എന്ന വിഷയത്തിൽ കുമരകം, ചെങ്ങളം, വേളൂർ എന്നി ഇടവകകളിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തപ്പെട്ടു. ഇപ്പോൾ വിപണിയിൽ ലഭ്യമാകുന്ന സാനിറ്ററി നാപ്കിനുകൾ പ്ലാസ്റ്റിക് ആവരണമുള്ളതും, സുഗന്ധത്തിനും ഈർപ്പം ആശാകിരണം ചെയ്യുന്നതിനുമായി രാസവസ്തുക്കൾ പ്രയോഗിക്കപ്പെട്ടിട്ടുള്ളതുമാണ്. ഇതിന്റെ തുടർച്ചയായ ഉപയോഗം സ്ത്രീകളിൽ PCOD, വന്ധ്യത, വൃക്ക തകരാറുകൾ, ഗർഭാശയ കാൻസർ തുടങ്ങിയവയ്ക്ക് കാരണമാവുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഇതിന് പകരമായി പ്ലാസ്റ്റിക്ക് അടങ്ങാത്തതും ഉപഭോക്താക്കളുടെ ശരീരത്തിനും പ്രകൃതിക്കും ദോഷകരമല്ലാത്തതുമായ സാനിറ്ററി നാപ്കിനുകളെ, കെയർ എൻ സേഫ് എന്ന കമ്പനിയുടെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ റോണി പരിചയപ്പെടുത്തി. വി.എസ്.എസ്.എസ്. ആശാകിരണം കോർഡിനേറ്റർ പ്രമില ജോർജ് SHG PSO മിനിമോൾ ജോസഫ്, അനുഷ ബാബു എന്നിവർ പങ്കെടുത്തു.



ഗർഭാശയ കാൻസറും സാനിറ്ററി പാഡുകളുടെ ഉപയോഗവും" എന്ന വിഷയത്തെക്കുറിച്ച് VSSS അമലനിലയത്തിൽ വച്ച് നടന്ന ബോധവൽക്കരണ സെമിനാർ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു.

# നേത്ര പരിശോധന ക്യാമ്പ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വം നൽകുന്ന മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായ എൽഡേഴ്സ് ഫോറത്തിന്റെയും ജനകീയ വികസന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ അയർക്കുന്നം ലിറ്റിൽ ഫ്ളവർ പാരിഷ്ഹാളിലും കുറുമുള്ളൂർ സെന്റ് മേരീസ് പാരിഷ് ഹാളിലും ഗവ. മെഡിക്കൽ കോളേജിന്റെയും ജില്ല അന്ധതനിവാരണ സമിതിയുടെയും സഹകരണത്തോടെ നേത്രപരിശോധന ക്യാമ്പ് നടത്തി. അയർക്കുന്നത്ത് വികാരി ഫാ. സ്കറിയ ആനിക്കലിന്റെ അദ്ധ്യക്ഷതയിൽ സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എൽഡേഴ്സ് ഫോറം യൂണിറ്റ് പ്രസിഡന്റ് സ്കറിയ തുമ്പയിൽ സ്വാഗതവും ദീപു വാക്കത്തിക്ക ല്ലുങ്കൽ കൃതജ്ഞതയും പറഞ്ഞു. 110 പേർ പരിശോധനയ്ക്ക് വിധേയരായി.







വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, ജനകീയ വികസന സമിതി, മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ, കുറുമുള്ളൂർ സെന്റ് മേരീസ് ദേവാലയത്തിൽ സൗജന്യ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പ് വികാരി ഫാ. ആൽബർട്ട് കുമ്പളോലിന്റെ അധ്യക്ഷതയിൽ, വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലിനോസ് ബിവേറിന്റെ ഉദ്ഘാ ടനംകൊണ്ട് ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ നിന്നുള്ള ഡോക്ടർ ആശ സൂസൻ കുരുവിള പരിശോധനയ്ക്ക് നേതൃത്വം നൽകി. സിസ്റ്റർ വത്സമ്മ സ്വാഗതവും, ആനിമേറ്റർ ലത സുനിൽ നന്ദിയും രേഖപ്പെടുത്തി. ക്യാമ്പിൽ 80 പേർ പങ്കെടുത്തു.



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, ജൻ ശിക്ഷൻ സൻസ്ഥാനുമായി സഹകരിച്ച് കഞ്ഞിക്കുഴി നിർമ്മല സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച ബ്യൂട്ടീഷൻ കോഴ്സ്, vsss എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന്റെ അധ്യക്ഷതയിൽ, vsss മൂന്നാർ റീജിയണൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. JSS ജില്ലാ കോഡിനേറ്റർ ജയലളിത, vsss പ്രോഗ്രാം കോഡിനേറ്റർ ടി കെ രാജു എന്നിവർ സംസാരിച്ചു.



VSSS സ്റ്റാഫ് അംഗങ്ങൾക്കായി അമലനിലയത്തിൽ നടന്ന ക്രിസ്തുമസ് ആഘോഷവും vsss അഡ്മിനിസ്ട്രേറ്റർ തോമസ് വില്യംസിന്റെ യാത്രയയപ്പ് സമ്മേളനവും അഭിവന്ദ്യ ബിഷപ്പ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ ഉത്ഘാടനം ചെയ്തു. രൂപത സഹായ മെത്രാൻ റൈറ്റ് റവ. ഡോ.ജസ്റ്റിൻ മഠത്തിൽപറമ്പിൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, മോൺ.ജോസ് നവസ്, അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര, തോമസ് വില്യം എന്നിവർ സംസാരിച്ചു. തുടർന്ന് ഓരോ മേഖലയേയും പ്രതിനിധീകരിച്ച് ആനിമേറ്റർമാർ കാരൾ ഗാനങ്ങൾ ആലപിച്ചു.



വിജയ് സ്വാശ്രയ സംഘങ്ങളുടെ മേഖലാതല ഘടനയായ, "സംയുക്ത"യുടെ കോട്ടയം മേഖല മീറ്റിംഗ് അമലനിലയത്തിൽ മേഖലാ പ്രസിഡന്റ് ശ്രീ ജോസഫ് മാത്യുവിന്റെ അധ്യക്ഷതയിൽ vsss എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.അഗസ്റ്റിൻ ബിനോയി മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജോസഫ് തറയിൽ ആശംസകൾ അർപ്പിച്ചു. ശ്രീമതി വനജ ബൈജു മേഖലാ റിപ്പോർട്ട് അവതരിപ്പിച്ചു. സംയോജിത കളുടെ റിപ്പോർട്ട് അവതരണത്തിനുശേഷം റിപ്പോർട്ടുകളെ CDO ശ്രീ ടി കെ രാജു അവലോകനം ചെയ്തു. തുടർന്ന് "സാനിറ്ററി പാഡുകളുടെ ഉപയോഗവും കാൻസറും" എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. കോഡിനേറ്റർ മിനി വിനോദ്, ആനിമേറ്റർ പ്രിയ ബിനു എന്നിവർ സംസാരിച്ചു.

## ആശാകിരണം രോഗി സഹായ നിധിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ച് വി.എസ്.എസ്.എസിൽ നൽകിയ തുകയും ചികിത്സാ സഹായം നല്കിയ തുകും

**വി.എസ്.എസ്.എസിൽ ലഭിച്ച തുക**

| | | |
|---|---|---|
| അമയന്നൂർ | - | 2000.00 |
| പെരുംമ്പെട്ടി | - | 3000.00 |
| വനവാതൂക്കര | - | 1680.00 |
| വടവാതൂർ | - | 3000.00 |
| നട്ടാശ്ശേരി | - | 5000.00 |
| പൂവം | - | 2400.00 |
| മണ്ണയ്ക്കനാട് | - | 5000.00 |
| പട്ടിത്താനം | - | 10,000.00 |

**ചികിത്സാസഹായം നൽകിയത്**

| | | |
|---|---|---|
| നട്ടാശ്ശേരി | - | 5000.00 |
| മഠത്തുംഭാഗം | - | 5000.00 |
| തിരുവഞ്ചൂർ | - | 7000.00 |
| സഹായം ആവശ്യപ്പെട്ട മറ്റുള്ളവർക്ക് | - | 10,000.00 |

# അഭിവന്ദ്യ പിതാവിന്റെ
## ഫെബ്രുവരി മാസ പരിപാടികൾ

| | | |
|---|---|---|
| 01 – 02 – 2025 | – | KCSL രൂപതാ സംഗമം |
| 03 – 02 – 2025 | – | ക്ലാസ്സ് IJMS സെമിനാരി |
| 04 – 02 – 2025 | – | വി. കുർബാന, സെന്റ് ആന്റണീസ് നാഗമ്പടം |
| 05 – 02 – 2025 | – | ക്ലാസ്സ് IJMS സെമിനാരി |
| 09 – 02 – 2025 | – | ജൂബിലി കുർബാന, ചെങ്ങളം |
| 11 – 02 – 2025 | – | ജൂബിലി കുർബാന, ഇൻഫന്റ് ജീസസ് സ്കൂൾ, ഏലപ്പാറ |
| 12 – 02 – 2025 | – | ത്രൈമാസയോഗം |
| 13 – 02 – 2025 | – | ത്രൈമാസയോഗം, മദ്ധ്യകേരള ബിഷപ്പുമാരുടെ ധ്യാനം |
| 19 – 02 – 2025 | – | വേളാങ്കണ്ണി തീർത്ഥാടനം |
| 23 – 02 – 2025 | – | വെഞ്ചരിപ്പ് കർമ്മം, കുട്ടിയാർവാലി |



മണിപ്പൂർ നാഗലാന്റ്, ഗുജറാത്ത് ജീസസ് യൂത്ത് പ്രതിനിധി സംഘത്തിന് ചങ്ങനാശേരി മേരി മൗണ്ട് പള്ളിയിൽ വികാരി ഫാ. മാത്യു ഒഴത്തിലിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകിയപ്പോൾ.



ബിഷപ്പ് അംബ്രോസ് അനുസ്മരണ ദിവ്യബലിയ്ക്കും പ്രാർത്ഥനാ ശുശ്രൂഷകൾക്കും അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് നേതൃത്വം നൽകി.



കെസിബിസി ഫാമിലികമ്മീഷന്റെ കീഴിലുള്ള മരിയൻ സിംഗിൾസ് സൊസൈറ്റിയുടെ മൂന്നാമത്തെ ഭവനമായ മാട്ടുകട്ടയിലുള്ള സെന്റ് ആൻസ് വില്ലയുടെ ആശീർവാദകർമ്മം കൊല്ലം ബിഷപ്പ് പോൾ ആന്റണി മുല്ലശ്ശേരി പിതാവ് നിർവ്വഹിക്കുന്നു



റവ. ഫാ. ജോൺസൺ ഒറ്റതെങ്ങുങ്കൽ രൂപതാ കോടതി വൈസ് ജൂഡീഷ്യൽ വികാരിയായി അഭിവന്ദ്യ ജസ്റ്റിൻ പിതാവിന്റെ സാന്നിധ്യത്തിൽ ചാർജെടുത്തു

FEBRUARY 2025
Vol. 18 • Issue 2
Published on
1st February 2025

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India
A Government of India Undertaking

**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



**യൂണിയൻ ഗോൾഡ് ലോൺ**

**KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം**

ഗ്രാമിന് പരമാവധി **4722 രൂപ** വരെ
100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ

- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക് :
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180